വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
ഫെബ്രുവരി

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



## കൈവിടില്ല കയർത്തൊഴിലാളിയെ: മുഖ്യമന്ത്രി



## കയർ മേഖലയുടെ പുനർജന്മവും സാമൂഹിക ഒത്തുതീർപ്പും

Coirfed

പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ
സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ




മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

കയർ
വ്യവസായം

# ഉള്ളടക്കം

**Vol-4, No.-7**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**Rohit Joseph**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

PAGE 06


കൈവിടില്ല
കയർ തൊഴിലാളിയെ:
മുഖ്യമന്ത്രി

PAGE 08


കയർ മേഖലയുടെ
പുനർജന്മവും
സാമൂഹിക ഒത്തുതീർപ്പും

PAGE 12

യന്ത്രവത്കരണവും
തൊഴിലാളി വർഗരാഷ്ട്രീയവും

PAGE 14

പുതുവഴികൾ
ഇഴചേർത്ത്
കയർമേഖല മുന്നോട്ട്

PAGE 30

ഉറവിട മാലിന്യ
പരിപാലനവും
കയർ പിത്തും

ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

## ധന – കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിനും കയർ വികസന വകുപ്പിനും നന്ദിപൂർവ്വം

**ക**യറിന്റെ ഡോക്ടറാണെന്ന് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് കയർ തൊഴിലാളികളോട് തമാശയായി പറയാറുണ്ട്. ഈ പരാമർശം അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങളാണ് അദ്ദേഹം കയർ വികസന വകുപ്പിൽ മന്ത്രിയായപ്പോൾ നടത്തിയത്. രോഗഗ്രസ്തമായ കയർ വ്യവസായത്തെ ചികിത്സിക്കുക മാത്രമല്ല, പ്രതിവിധിക്കുള്ള മരുന്നും അദ്ദേഹം തന്നെ കണ്ടെത്തി. രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയാണ് വ്യവസായത്തെ ഗതകാല പ്രൗഢിയിലേക്ക് വീണ്ടെടുക്കുവാൻ അദ്ദേഹം പ്രയോഗിച്ച മൃതസഞ്ജീവിനി. രണ്ടാം കയർ പുനഃസംഘടനാപദ്ധതി 2017 ലെ കയർ കേരളയിൽ പ്രഖ്യാപിച്ചതിനുശേഷം അത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി മന്ത്രി തന്നെ അക്ഷീണം പരിശ്രമിച്ചു. പദ്ധതി നടത്തിപ്പിന്റെ സൂക്ഷ്മതലങ്ങളിലേക്ക് വരെ നിരന്തരം കൃതതയോടെ ഇറങ്ങിച്ചെന്ന് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയെ വിജയിപ്പിച്ചത്. ഈ വിജയത്തിന് അദ്ദേഹത്തോട് കയർ മേഖല എക്കാലവും കടപ്പെട്ടിരിക്കുന്നു.

കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയർ പ്രതിസന്ധിയുടെ നടുവിൽപ്പെട്ട് നാശത്തിന്റെ വക്കിലെത്തിയ സമയത്താണ് ഈ സർക്കാർ അധികാരത്തിലെത്തിയതും ഡോ .ടി.എം. തോമസ് ഐസക്ക് വകുപ്പിന്റെ ചുമതല ഏറ്റെടുത്തതും. അക്കാദമിക പണ്ഡിതനെന്ന നിലയിലും തൊഴിലാളി നേതാവെന്ന നിലയിലും കയർ വ്യവസായത്തിലെ പ്രശ്നങ്ങളുടെ സൂക്ഷമതലങ്ങളിലേക്ക് ആഴ്ന്നിറങ്ങിയ പരിണിത പ്രജ്ഞനായ അദ്ദേഹം വ്യവസായത്തിന്റെ വീണ്ടെടുപ്പിന് നൂതനമായ പദ്ധതികളുമായി മുന്നിട്ടിറങ്ങി. ഇതിന്റെ ഫലമായി കയർ വ്യവസായത്തെ സൂര്യോദയ തുല്യമായ വ്യവസായമായി പരിവർത്തനപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കികൊണ്ടാണ് പിണറായി സർക്കാർ കാലാവധി പൂർത്തീകരിക്കുന്നത്.

പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയസമീപനങ്ങളും സമ്പദ്ഘടനയുടെ നട്ടെല്ല് തകർത്ത പശ്ചാത്തലത്തിലും കയർ വ്യവസായം അത്ഭുതപൂർവമായ മുന്നേറ്റം കൈവരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കയർ സംഭരണം ശരാശരി 60000 ക്വിന്റലായിരുന്നു. ഈ വർഷം കയർ ഉൽപ്പാദനം മൂന്ന് ലക്ഷം ക്വിന്റലിനോടടുക്കുകയാണ്. ഈ സർക്കാരിൽ കയർ വകുപ്പിന്റെ കൂടി ചുമതലയുള്ള ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഫലമായിട്ടാണ് ഈ നേട്ടം കൈവരിക്കാനാ

യത്.

കേരളത്തിൽ കയർ പിരിക്കണമെങ്കിൽ തമിഴ്നാട്ടിൽ നിന്നും ചകിരി വരണമെന്ന ഗതി കേടിലായിരുന്നു നാം. രണ്ടാം പുനസംഘട നയുടെ ഭാഗമായി 150 ഓളം ചകിരി മില്ലുകൾ ആരംഭിച്ച് ചകിരി ഉത്പാദനം തുടങ്ങിയതോടു കൂടി കേരളത്തിനാവശ്യമായ ചകിരിയുടെ 70 ശതമാനവും ഇവിടെതന്നെ ഉത്പാദിപ്പിക്കാം എന്ന നിലയിലെത്തി. ഏറ്റവും വേഗത്തിൽ ചകിരി സ്വയംപര്യാപ്തത കൈവരിക്കാവുന്ന നിലയിലേക്ക് കയർ വ്യവസായത്തെ കൊണ്ടെത്തിച്ചതാണ് രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ അഭിമാനകരമായ വിജയം.

കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഉത്പാദനക്ഷമത ഉയർത്തിയും അധ്വാനഭാരം ലഘൂകരിച്ചും തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. അതോടൊപ്പം പരമ്പരാഗത രീതിയിൽ കയർ പിരിക്കുന്ന സംസ്ഥാനത്തൊട്ടാകെയുള്ള പ്രായമായ കയർ തൊഴിലാളികൾക്കു പൂർണമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വരുമാനപൂരക പദ്ധതിയുടെയും വിലസ്ഥിരതാ പദ്ധതിയുടെയും സഹായം വർദ്ധിപ്പിച്ചു. ഇരുനൂറോളം തൊഴിലാളി സഹകരണ സംഘങ്ങളിൽ 100 കോടി രൂപയുടെ മുതൽ മുടക്കോടെയാണ് 200 യന്ത്രവൽകൃത കയർ പിരി യൂണിറ്റുകൾ ആരംഭിച്ചത്.

ഉത്പന്നനിർമ്മാണ മേഖലയിലും കുറ്റമറ്റ നിലയിലുള്ള യന്ത്രവത്കരണത്തിന് തുടക്കം കുറിച്ചും ബെൻഡർലെസ് ബോർഡ്, കയർ ക്രാഫ്റ്റ് ഉത്പന്നങ്ങൾ, കോവിഡ് പ്രതിരോധത്തിനുള്ള സാനിമാറ്റ്, സാനിപാഡ്, കയർ മൾച്ചിംഗ് മാറ്റുകൾ, നീഡിൽ ഫെൽറ്റ്, അകൗസ്റ്റിക് പാഡുകൾ, ഇന്നോകുലേറ്റഡ് പിത്ത്, കയർ പിത്ത് ജൈവവളം, കയർ അഗ്രി പോട്ടുകൾ, കയർ പിത്ത് ബ്രിക്കേറ്റുകൾ തുടങ്ങി നിരവധി നൂതനഉത്പന്നങ്ങളാണ് കയർ വകുപ്പ് മന്ത്രിയുടെ ഇടപെടലുകളിൽ വിപണിയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

കയർ വിപണന രംഗത്ത് വിപ്ലവകരമായ മാറ്റം കൊണ്ടുവന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് അവർകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി വഴിയുള്ള കയർ ഭൂവസ്ത്ര വ്യാപന പദ്ധതി കേരളത്തിന്റെ കയർ മേഖലയിലും സാമൂഹിക രംഗത്തും സൃഷ്ടിച്ച ചലനങ്ങൾ വളരെ വലുതാണ്. കയർ വ്യവസായത്തെ ഇന്ന് സ്വന്തം കാലിൽ നിൽക്കുവാൻ പര്യാപ്തമാക്കിയ നിരവധി കാര്യങ്ങളുണ്ട്. വിസ്തരഭയത്താൽ അതൊന്നും ഇവിടെ വിശദമാക്കുവാൻ തുനിയുന്നില്ല. ചുരുക്കത്തിൽ പിണറായി സർക്കാരിൽ ധന-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ കയർ മേഖലയിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്ന് നിസംശയം പറയാം.

മുഖ്യമന്ത്രി പിണറായി വിജയന്റെ ഉറച്ച പിൻതുണയിൽ ചരിത്രത്തിലെ അവിസ്മരണിയമായ ഈ വീണ്ടെടുക്കലിന് നേതൃത്വം നൽകിയ ധന-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന് ആത്മാർത്ഥമായ നന്ദി പ്രകാശിപ്പിക്കുന്നു.

കയർ വകുപ്പിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിനും ഭാവനപൂർവമുള്ള നടപടികൾക്കും അനുസരണമായി പ്രവർത്തിച്ച എല്ലാവരെയും നന്ദിപൂർവം സ്മരിക്കുന്നതിന് ഈയവസരം വിനിയോഗിക്കുന്നു. കയർ മേഖലയിലെ കുലപതിയും അപ്പക്സ്ബോഡി ഫോർ കയർ വൈസ് ചെയർമാനുമായ ആനത്തലവട്ടം ആനന്ദനും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു. കൂടാതെ കയർ വികസന വകുപ്പിന്റെ സെക്രട്ടറിയായിരുന്ന പി. വേണുഗോപാൽ ഐ.എ.എസ്, കയർ വികസന ഡയറക്ടറും പിന്നീട് കയർ വകുപ്പ് സെക്രട്ടറിയായിരുന്ന എൻ. പത്മകുമാർ ഐ.എ.എസ്, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, കയർ ബോർഡ് സെക്രട്ടറി എം. കുമാരരാജ, എൻ.സി.ആർ.എം.ഐ ഡയറക്ടർ ഡോ. കെ.ആർ. അനിൽ, ഇക്കാലയളവിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാൻമാരായിരുന്ന ആർ.നാസർ, അഡ്വ.കെ. പ്രസാദ്, ടി.കെ. ദേവകുമാർ, കെ.കെ. ഗണേശൻ, അഡ്വ. കെ.ആർ. ഭഗീരഥൻ, അഡീഷണൽ കയർ വികസന ഡയറക്ടറായിരുന്ന ബി. രമേശ്, മന്ത്രി ഡോ. തോമസ് ഐസക്കിന്റെ പ്രൈവറ്റ് സെക്രട്ടറി വി.ജി. മനമോഹൻ, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എം. ഗോപകുമാർ, മന്ത്രിയുടെ മറ്റ് പെഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, അഡീഷണൽ കയർ വികസന ഡയറക്ടർ കെ.എസ്. പ്രദീപ് കുമാർ, ഡെപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ സ്പെഷ്യൽ ഓഫീസർ സി. അഭിഷേക്, കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, പ്രോജക്ട് ആഫീസർമാർ, കയർ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ, കയർ സംഘം ഭാരവാഹികൾ, സഹകാരികൾ, തൊഴിലാളികൾ, ജീവനക്കാർ തുടങ്ങി കയർ മേഖലയിലെ മുഴുവൻ പേർക്കും നന്ദി പ്രകാശിപ്പിക്കുന്നു.




**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

# കൈവിടില്ല കയർ തൊഴിലാളിയെ: മുഖ്യമന്ത്രി

## എത്ര കയർ ഉത്പാദിപ്പിച്ചാലും അത് സർക്കാർ സംഭരിക്കും

പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികളാണ് കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് അസ്ഥിവാരം ഇട്ടത്. അവരുടെ സമരം അവരുടെ കൂലിയ്ക്കും ജോലിക്കും വേണ്ടി മാത്രമായിരുന്നില്ല. നാടിന്റെ സ്വാതന്ത്ര്യത്തിനും നീതിപൂർവവുമായ ഒരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും വേണ്ടിയുള്ള ആ സമരങ്ങൾ കേരളീയ ചരിത്രത്തിൽ വഹിച്ച പങ്ക് ഐതിഹാസികമാണ്. അതുകൊണ്ടുതന്നെ എല്ലാ പ്രതിസന്ധിഘട്ടത്തിലും സർക്കാർ അവരെ കൈവിടില്ല.

പരമ്പരാഗത തൊഴിലാളികളുടെ ജോലിയും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ മേഖലയിൽ ആധുനികവത്കരണവും യന്ത്രവത്കരണവും നടപ്പാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഒരുപക്ഷേ, രാജ്യത്തുതന്നെ ഇത്തരമൊരു സമീപനം സ്വീകരിക്കുന്ന ആദ്യ സംസ്ഥാനം കേരളമാണെന്ന് അഭിമാനപൂർവം നമുക്ക് അവകാശപ്പെടാം.



കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയറിന്റെ പ്രൗഢിയുടെ കാലത്ത് പത്തുലക്ഷം ക്വിന്റൽ വരെയായിരുന്നു ഉത്പാദനം. പക്ഷേ ഇടക്കാലത്ത് അതിന്റെ കുത്തക നമുക്ക് നഷ്ടപ്പെട്ടു. ആ പ്രൗഢി തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ്. കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സുരക്ഷ ഒരുക്കിക്കൊണ്ടുള്ള നവീകരണമാണ് നാമിപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് എത്ര കയർ ഉത്പാദിപ്പിച്ചാലും അത് സർക്കാർ സംഭരിക്കും എന്നുള്ള തീരുമാനവുമായി മുന്നോട്ടു പോകുന്നത്. കയർഫെഡ് മുഖാന്തിരമുള്ള സംഭരണം പരിശോധിച്ചാൽ ആർക്കും ഇത് മനസിലാകുന്നതാണ്. നമ്മുടെ കയർ സംഭരണം 70,000 ക്വിന്റൽ മാത്രമായിരുന്നു. ആ നിലയിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം രണ്ടുലക്ഷം ക്വിന്റൽ ആയി ഉയർന്നു ഈ സാമ്പത്തിക വർഷം നാല് ലക്ഷം ക്വിന്റൽ എങ്കിലും ആകും എന്നാണ് പ്രതീക്ഷിക്കുന്നത്.

പഴയ പ്രൗഢിയിലേക്ക് കയർമേഖല തിരിച്ചുവരികയാണ്. കേരളത്തിലെ കയർമേഖലയുടെ




*കയർ കേരള 2021 മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യുന്നു*

ഏറ്റവും വലിയപരാധീനത ചകിരിയുടെ കാര്യത്തിലാണ്. ചകിരിയുടെ പരാശ്രിതത്തം ആയിരുന്നു ദശാബ്ദങ്ങളായി നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നത്. ഇന്ന് 42% ചകിരി നമ്മുടെ നാട്ടിൽ ആരംഭിച്ച ചകിരി മില്ലുകളിൽ നിന്ന് സമാഹരിക്കാൻ കഴിയുന്നു. വലിയ മാറ്റമാണിത്. 157 ചകിരിമില്ലുകളാണ് നമ്മുടെ സംസ്ഥാനത്ത് സർക്കാർ സ്ഥാപിച്ചിട്ടുള്ളത്. സഹകരണമേഖലയ്ക്ക് പുറമേ, വലിയ തോതിൽ സ്വകാര്യ സംരംഭകരും താത്പര്യം കാണിക്കുന്ന മേഖലയായി ചകിരി ഉത്പാദനം ഇപ്പോൾ മാറിയിട്ടുണ്ട്. അതോടൊപ്പം നമ്മുടെ നാട്ടിലേക്ക് തിരിച്ചെത്തുന്ന പ്രവാസി സഹോദരങ്ങൾക്കും വലിയ സാധ്യതകൾ തുറന്നിടുന്ന മേഖല കൂടിയാണിത്.

ആധുനികവത്കരണവും യന്ത്രവത്കരണവും നടപ്പാക്കാതെ ഈ രംഗത്ത് ഇനി നമുക്ക് പിടിച്ചു നിൽക്കാനാവില്ലെന്ന തിരിച്ചറിവ് നമുക്കെല്ലാം വന്നു കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളെ അവഗണിച്ചു കൊണ്ടല്ല മറിച്ച് അവരെ സംരക്ഷിച്ചുകൊണ്ടാണ് ഇത് നടപ്പാക്കുക. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു കയർത്തൊഴിലാളിക്ക് ലഭിച്ചിരുന്ന ശരാശരി വാർഷിക വരുമാനം ഇപ്പോൾ ഇരട്ടിയായി മാറിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ 855 സഹകരണസംഘങ്ങളിൽ 385 എണ്ണവും പ്രവർത്തന ലാഭത്തിൽ ആയി മാറിയിട്ടുണ്ട്. അതോടൊപ്പം ഉത്പന്നമേഖലയും മാറി. അധികമായി ഉത്പാദിപ്പിക്കുന്ന കയറുപയോഗിച്ച് പുതുമയുള്ള ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.


രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി സംസ്ഥാനത്തെ കയർവ്യവസായം അതിന്റെ പ്രൗഢി തിരിച്ചുപിടിക്കുന്ന ഘട്ടത്തിലാണ് ഈ കയർഫെസ്റ്റ് നടക്കുന്നത്. കയർ വ്യവസായത്തിന്റെ വലിയ തോതിലുള്ള വളർച്ചയ്ക്ക് കയർഫെസ്റ്റ് സഹായകമാണ്. ഇപ്പോഴത്തെ സവിശേഷ സാഹചര്യത്തിൽ മുൻവർഷത്തെപോലെ ഉത്പന്നങ്ങളെ ഏതെങ്കിലും ഒരു സ്ഥലത്ത് ആകർഷകമായി ഒരുക്കിവെച്ച് ആഘോഷമായി ഉപഭോക്താക്കളെ ആകർഷിക്കാൻ കഴിയില്ല. അതുകൊണ്ടു തന്നെ വിർച്ച്വൽ പ്ലാറ്റ്ഫോമാണ് സംഘടിപ്പിച്ചിട്ടുള്ളത്. എന്നാൽ മാറ്റ് ഒട്ടും കുറയുന്നുമില്ല. ഉപഭോക്താക്കൾക്കും ഉത്പാദകർക്കും പങ്കെടുക്കാവുന്ന തരത്തിലാണ് വിർചൽ പ്ലാറ്റ്ഫോം സജ്ജീകരിച്ചിട്ടുള്ളത്. നാനൂറോളം ഉപഭോക്താക്കൾ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ഈ ബിസിനസ് ഫെസ്റ്റിൽ പങ്കുചേരുകയാണ്. അതിൽ തന്നെ നൂറോളം പേർ വിദേശ രാജ്യങ്ങളിൽ നിന്നുള്ളവരാണ് എന്നത് ഈ ഫെസ്റ്റിനെ കൂടുതൽ ആകർഷകമാക്കുന്നു. കയർഭൂവസ്ത്രം പോലെയുള്ള പുതിയ ഉത്പന്നങ്ങൾ ഉപയോഗപ്പെടുത്തി ആഭ്യന്തര വിദേശ വിപണികളിൽ മുന്നേറാൻ നമുക്ക് കഴിയണം അതിനെല്ലാം ഈ കയർ ഫെസ്റ്റ് സഹായകമാകട്ടെ.

*(കയർ കേരള 2021 ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി ഓൺലൈൻ ആയി നടത്തിയ പ്രസംഗത്തെ അധികരിച്ച് തയാറാക്കിയത്)*

### കയർ, ധനമന്ത്രിയുടെ അധ്യക്ഷ പ്രസംഗത്തിൽ നിന്ന്

# കയർ മേഖലയുടെ പുനർജന്മവും സാമൂഹിക ഒത്തുതീർപ്പും

**ഈ** കോവിഡ് കാലത്ത് കയർമേള സംഘടിപ്പിക്കുന്നത് എന്തിനെന്ന് ചിലരെങ്കിലും ചോദിച്ചിട്ടുണ്ട്. കയർ വ്യവസായ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ മനസിലാക്കിയാൽ ഈ മേളയുടെ പ്രാധാന്യം മനസിലാകും. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 7,000 ടണ്ണായിരുന്നു ഉത്പാദനം. അടുത്ത വർഷം 50,000 ടണ്ണായി ഉയർത്താനാണ് നിശ്ചിച്ചിട്ടുള്ളത്. 4,000 ആട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ വിന്യസിക്കണം. ഒരു യന്ത്രം ഒരു ഷിഫ്റ്റിൽ 60–65 കിലോ കയർ പിരിക്കും. അതിന്റെ കൂടെ പരമ്പരാഗത റാട്ടുകൾ കൂടെ ചേരുമ്പോൾ 50,000 ടണ്ണെന്നത് കയ്യെത്തും ദൂരത്താണ്. മുഖ്യമന്ത്രി പറഞ്ഞ മറ്റൊരു പ്രധാനകാര്യം എത്ര കയർ ഉത്പാദിപ്പിച്ചാലും അതു സംഭരിക്കുമെന്നാണ്. സംഭരിച്ചാൽ അത് വിറ്റേ മതിയാകൂ. അല്ലെങ്കിൽ പ്രതിസന്ധിയാണ്. അതുകൊണ്ടാണ് കോവിഡ് കാലമാണെങ്കിലും വിർചൽ ആയിട്ടാണെങ്കിലും കയർ മേള മുടക്കാതെ നടത്തണംഎന്ന് തീരുമാനിച്ചത്.



ഇവിടെ കേരളത്തിലെ പ്രധാനപ്പെട്ട കയറ്റുമതിക്കാർ എല്ലാംതന്നെ അവരുടെ സ്റ്റാളുകൾ ഒരുക്കിയിട്ടുണ്ട്. ആർക്കുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും ഓൺലൈനായി സ്റ്റാളുകൾ സന്ദർശിക്കാം, ഉത്പന്നങ്ങൾ കാണാം, ഉടമകളുമായി ചർച്ച ചെയ്തു സുരക്ഷിതമായി അവ വാങ്ങാം. യൂറോപ്പിലും അമേരിക്കയിലുമൊക്കെ കോവിഡാനന്തര കാലത്ത് മാളുകളുംമറ്റും തുറന്നു തുടങ്ങിയിട്ടുണ്ട്. അവിടെങ്ങളിലെല്ലാം നിലവിലുണ്ടായിരുന്ന പരവതാനികളും ചവിട്ടികളുമെല്ലാം മാറ്റിക്കൊണ്ടിരിക്കുകയാണ്. വീടുകളിൽ പോലും അങ്ങനെ ആണെന്നാണ് പറയുന്നത്. ഈ അവസരം നാം ഉപയോഗപ്പെടുത്തണം. നമ്മുടെ ഉത്പന്നങ്ങൾക്കായി ഈ മേളയിൽ കരാർ നൽകിയാൽ 20% വിലക്കുറവും നൽകും. അങ്ങനെ ഒരു വാഗ്ദാനം നൽകുന്നത് നമ്മുടെ ഉത്പന്നങ്ങൾ വിറ്റുപോകണമെന്നുള്ളതുകൊണ്ടാണ്.

ഇതോടൊപ്പംതന്നെ ആഭ്യന്തര കമ്പോളത്തിൽ കടക്കാൻ ഡൊമസ്റ്റിക് ബയേഴ്സ് മീറ്റും നടക്കുന്നുണ്ട്. അമ്പതിനായിരം ടൺ കയർ നാം ഉത്പാദിപ്പിച്ചാൽ ഏറിയാൽ ഒരു ഇരുപതിനായിരം ടൺമാത്രമേ പരമ്പരാഗത ഉത്പന്നങ്ങളായോ, ടഫ്റ്റഡ് ഉത്പന്നങ്ങളായോ വിൽക്കാൻ കഴിയൂ. ബാക്കിയുള്ളത് ഭൂവസ്ത്രമായി മാറണം. അങ്ങനെ നോക്കുമ്പോൾ ഏകദേശം 30,000 ടണ്ണെങ്കിലും ഭൂവസ്ത്രമായി വിൽക്കണം. അതൊരു ചെറിയ തുകയല്ല. അതിനുവേണ്ടിയാണ് ഈ മേളയുടെ ഒരു ദിവസം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കയർ ഭൂവസ്ത്ര വിൽപ്പനക്കുള്ള ധാരണാപത്രം ഒപ്പിടാൻ മാറ്റി വെച്ചിട്ടുള്ളത്. ഇതിനോടകം തന്നെ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 120 കോടിക്കുള്ള ഓർഡറുകൾ തന്നു കഴിഞ്ഞു. ഇത് കഴിഞ്ഞ തവണത്തേക്കാൾ വളരെ കൂടുതലാണ്. കേന്ദ്ര ഉപരിതല ഗതാഗതമന്ത്രി നിതിൻ ഗഡ്കരി റോഡുനിർമ്മാണത്തിന് കൂടുതൽ ഭൂവസ്ത്രം ഉപയോഗിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾതന്നെ പി.എം.ജി.എസ്.വൈ പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളിൽ 10% കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നുണ്ട്. ചെറിയ മാർക്കറ്റ് അല്ല ഇത്. വെറുതെ കൊടുക്കലല്ല, ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ളസാങ്കേതികജ്ഞാനവും നാം പകർന്നു കൊടുക്കേണ്ടിവരും. ഇന്ത്യൻ ആഭ്യന്തര മാർക്കറ്റിലേക്ക് കടന്നാൽ മാത്രമേ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മലനിരകളുടെ സംരക്ഷണത്തിന് പോലും പെട്ടെന്ന് നശിച്ചുപോകുന്ന ചണം ആണ് ഉപയോഗിക്കുന്നത് ആ വിപണികളിലേക്കെല്ലാം നമുക്ക് കടന്നുകയറേണ്ടതുണ്ട്.

റെയിൽവേ ഇപ്പോൾതന്നെ കേരളത്തിൽ പരിസ്ഥിതിസംരക്ഷണാർത്ഥം കയർ ഉപയോഗിക്കാം എന്ന് സമ്മതിച്ചിട്ടുണ്ട്. അതുപോലെതന്നെ പ്രതിരോധം, ഖനി എന്നീ മേഖലകളിലും കയറിന്




സാധ്യതയുണ്ട്. ഈ കമ്പോളങ്ങൾ ഉറപ്പുവരുത്തുന്നതിനാണ് നാം ഈ മേള സംഘടിപ്പിച്ചിട്ടുള്ളത്. കയർ വ്യവസായത്തിന്റെ പുരോഗതിയിൽ നിർണായകമായ പങ്ക് ഈ മേളക്കുണ്ട്. മറ്റൊരു കാര്യം രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി എല്ലാ തലങ്ങളിലും യന്ത്രവത്ക്കരണം നടക്കുകയാണ്. അടുത്തവർഷം ചകിരി നിർമ്മാണത്തിനായി 400 മില്ലുകൾ ആരംഭിക്കുകയാണ്. കേരളത്തിനാവശ്യമായ ചകിരി കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കാൻ കഴിയണം. കേരളത്തിലിപ്പോൾ 500 കോടി തൊണ്ട് ലഭ്യമാണെന്നാണ് കണക്ക്. ഇതിന്റെ നാലിലൊന്ന് ഉപയോഗിക്കാൻ കഴിഞ്ഞാൽ കേരളത്തിന് ആവശ്യമായ ചകിരി ലഭ്യമാകും. നാം യന്ത്രവത്കരണം ആരംഭിച്ചപ്പോൾ തന്നെ അതിന്റെ ഫലം കണ്ടുതുടങ്ങി. തമിഴ്നാട്ടിൽനിന്ന് 29 രൂപയ്ക്ക് സംഭരിച്ചു വന്നിരുന്ന ചകിരിക്ക് ഇപ്പോൾ നാം 20 രൂപയിൽ താഴെയാണ് നൽകുന്നത്. കയർ പിരിക്കുന്നതിനും ആട്ടോമാറ്റിക് യന്ത്രം വന്നുകഴിഞ്ഞു. ഇനി നാം സെൽഫ് ഫീഡിംഗ് മെഷീൻ സ്ഥാപിക്കുകയാണ്.

സാധാരണഗതിയിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ വ്യാപകമായ അസംതൃപ്തിയും തർക്കങ്ങളും ഉണ്ടാക്കേണ്ടതാണ്. എന്നാൽ കയർ മേഖലയിൽ ആ ഒരു പ്രശ്നമേ ഇല്ല. എന്തുകൊണ്ടാണ്? പരമ്പരാഗത മേഖലയിൽ ജോലിചെയ്യുന്നവരുടെ ഉത്പന്നങ്ങൾ എല്ലാം സർക്കാർ സംഭരിക്കുന്നു. അവർക്ക് മിനിമം കൂലിയും ഉറപ്പുവരുത്തുന്നു. കയർ കോർപ്പറേഷന്റെ സംഭരണം എൺപത് കോടിയിൽ നിന്ന് ഏകദേശം 200 കോടി ആയി മാറിയിരിക്കുന്നു. ഉത്പന്നത്തിന് വില കൂടിയത് കൊണ്ടല്ല, മറിച്ച് ഇത് സബ്സിഡി കഴിച്ചുള്ള തുകയാണെന്നും ഓർക്കണം. ഈ നിലയ്ക്ക് സർക്കാരിന്റെ സംഭരണ നയം നിലനിൽക്കുന്നതുകൊണ്ടാണ് എതിർപ്പിനുള്ള കാരണങ്ങളില്ലാതിരിക്കുന്നത്. രണ്ടാമത്തേത് യന്ത്രവത്കരണം തൊഴിലാളികളുടെ കൂലിയും മെച്ചപ്പെടുത്തുന്നു എന്നുള്ളതാണ്. പരമ്പരാഗത രീതിയിൽ ജോലി ചെയ്ത് 150 രൂപ കൂലി ലഭിച്ചിരുന്ന സ്ഥാനത്ത് ഇന്ന് സർക്കാർ സബ്സിഡിയില്ലാതെ 500 രൂപ ഉറപ്പായി വേതനം ലഭിക്കുന്നു. 2015–16ൽ നമ്മുടെ സഹകരണ സംഘങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ലഭിച്ചിരുന്നത് വർഷത്തിൽ 13,000 രൂപ മാത്രമായിരുന്നു. ഇന്നത് അറുപതിനായിരം, എഴുപതിനായിരം രൂപയായി വർദ്ധിച്ചിട്ടുണ്ട്. അടുത്തവർഷം എത്തുമ്പോൾ ഒരുലക്ഷത്തിലധികം വാർഷിക വരുമാനം കിട്ടുന്ന തൊഴിലാളികൾ ആയിരിക്കും നമ്മുടെ സംഘങ്ങളിൽ പണിയെടുക്കുക. അതുകൊണ്ടാണ് ഈ മേഖലയിൽ ആധുനികരണത്തിന്റേയും യന്ത്രവത്കരണത്തിന്റേയും പേരിൽ എതിർപ്പ് ഉയരാത്തത്. പരമ്പരാഗത മേഖലയെ ഒരു സാമൂഹിക ഒത്തുതീർപ്പിന് അടിസ്ഥാനത്തിൽ നവീകരിക്കുന്നത് ഇന്ത്യയിൽ ആദ്യമായിട്ടാണ്.

അതേസമയം കമ്പോളം നമ്മുടെ നിയന്ത്രണത്തിലല്ല. അതുകൊണ്ടുതന്നെ കമ്പോളത്തിന്റെ അഭിരുചി അനുസരിച്ച് വ്യവസായത്തെ മാറ്റിയേ മുന്നോട്ടു പോകാൻ കഴിയൂ. അതിന് ഉത്പന്നവൈവിധ്യം അനിവാര്യമായി മാറിയിരിക്കുന്നു. കുട്ടിച്ചകിരിയും ചകിരിച്ചോറുമെല്ലാം പുതിയ ഉത്പന്നങ്ങൾ ആയി മാറണം. ഈ മേളയിൽ അവതരിപ്പിക്കുന്ന കയർ ബൈൻഡർലെസ് ബോർഡ് ഇതിന് ഒരു ഉദാഹരണമാണ്. ഇങ്ങനെയുള്ള നവീനങ്ങളായ ഉത്പന്നങ്ങൾ, അവയെ അടിസ്ഥാനപ്പെടുത്തിയുള്ള സ്റ്റാർട്ടപ്പുകൾ ഇവയെ ഒക്കെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ മേളയുടെ പ്രത്യേകത. ഇത്തരത്തിൽ ഇത്തവണത്തെ ബജറ്റിൽ പറഞ്ഞതുപോലെ കേരളം ഒരു വിജ്ഞാന സമൂഹമായി മാറുകയാണ്. വിജ്ഞാനസമൂഹം എന്നാൽ കുറെയധികം പണ്ഡിതന്മാരെ ഉണ്ടാക്കാലല്ല, മറിച്ച് ശാസ്ത്രവും സാങ്കേതിക വിദ്യയും ജനജീവിതത്തിന്റെ എല്ലാ തുറകളിലും സന്നിവേശിപ്പിക്കലാണ്. ഇങ്ങനെ നവീന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഒരു വ്യവസായത്തെ ആകെ പരിവർത്തനം ചെയ്യുക എന്നുള്ളതിന് ഏറ്റവും മികച്ച ഉദാഹരണമാണ് നമ്മുടെ കയർമേഖല. ഇത്തരത്തിൽ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സൂക്ഷ്മമായി വിലയിരുത്തി കൂടുതൽ കൂടുതൽ വേഗത്തിൽ മുൻപോട്ടു കുതിക്കാനുള്ള കാര്യങ്ങളാണ് ഈ മേള ചർച്ച ചെയ്യുന്നത്. ഏറ്റവും കൂടുതൽ ആളുകൾ കാണുകയും കേൾക്കുകയും ചെയ്യുന്ന മേളയായി ഇത് മാറുകയാണ്. പങ്കാളിത്തം കൊണ്ട് മാത്രമല്ല ഈ മേളയിലൂടെ ലഭ്യമാകുന്ന ഓർഡറുകൾ അടക്കമുള്ളവ ഒരു റെക്കോർഡ് ആയി മാറും എന്നാണ് പ്രതീക്ഷിക്കുന്നത്.

# കയർ കേരള 2021
# ഒറ്റനോട്ടത്തിൽ




### ഈ വർഷം 616 കോടിയുടെ ഓർഡർ

കഴിഞ്ഞ വർഷം 399 കോടിയുടെ ഓർഡറുകൾ ആണ് ലഭിച്ചതെങ്കിൽ ഈ വർഷം 616 കോടിയുടേതാണ്. കഴിഞ്ഞവർഷം കേരളത്തിൽ നിന്നുള്ള പ്രദർശകർക്ക് ലഭിച്ച ഓർഡർ 289 കോടി രൂപയുടേതാണെങ്കിൽ ഇപ്പോൾ 448 കോടി രൂപയുടെ ഓർഡർ ലഭിച്ചു.

### 1,267 വിദേശ സന്ദർശകർ

പങ്കാളിത്തംവെച്ചു നോക്കിയാൽ പരമ്പരാഗത മേളയെക്കാൾ പങ്കാളിത്തം വെർച്വൽ മേളയിൽ ഉണ്ടായി എന്നു കാണാം. ഇത്തവണ ഓൺലൈൻ സ്റ്റാളുകൾ സന്ദർശിച്ചവരിൽ 1,267 പേർ വിദേശ വ്യാപാരികളാണ്. 200 പേരാണ് സാധാരണ കയർ കേരളയിലെ സ്റ്റാളുകളിലെത്തുന്ന വിദേശവ്യാപാരികളുടെ എണ്ണം.

### ആഭ്യന്തര വ്യാപാരികൾ 11,471

ഓൺലൈനായി സ്റ്റാളുകൾ സന്ദർശിച്ച ആഭ്യന്തര വ്യാപാരികളുടെ എണ്ണം 11,471 ആണ്.

### ഡിമാൻഡ് കൂടുതൽ പി.വി.സി ടഫ്റ്റഡ് മാറ്റിന്

പരമ്പരാഗത ഉത്പന്നങ്ങളെക്കാൾ പി.വി.സി ടഫ്റ്റഡ് മാറ്റിനാണ് ഡിമാൻഡ് കൂടുതൽ. 82 കോടിയുടെ ഓർഡർ പരമ്പരാഗത ഉത്പന്നങ്ങൾക്ക് ലഭിച്ചപ്പോൾ 162 കോടി രൂപയുടെ ടഫ്റ്റഡ് മാറ്റുകൾക്ക് ഓർഡർ ലഭിച്ചു. കേരളത്തിൽ കൂടുതൽ ടഫ്റ്റഡ് ലൂമുകൾ സ്ഥാപിച്ചേ തീരൂ. പരമ്പരാഗത ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുകയും ചെയ്യണം.

### 15,000 ടൺ കയർ ഭൂവസ്ത്രം വിദേശത്തേക്ക്

കേരളത്തിലെ കയർ ഉത്പാദനം അടുത്ത വർഷം 50,000 ടൺ ആയിരിക്കും. ഈ കയർ പൂർണ്ണമായും വിറ്റഴിക്കുന്നതിന് കേരളത്തെ കയർ ഭൂവസ്ത്രത്തിന്റെ ഹബ് ആക്കണം. ഈ മേളയിൽ 205 കോടി രൂപയുടെ ഓർഡർ ആണ് കയർ ഭൂവസ്ത്രത്തിനു ലഭിച്ചത്. ഇതിൽ 84 കോടി രൂപയുടെ ഓർഡർ വിദേശത്തേക്കുള്ളതാണ്. ഇത് 15000 ടൺ വരും.








## കുതിപ്പേകുന്ന ഇന്നവേഷൻസ്

കയർ ബൈൻഡർലെസ് ബോർഡുകൾ നിർമ്മിക്കാനുള്ള പൈലറ്റ് മെഷീൻ യാഥാർത്ഥ്യമാക്കാനായതാണ് കയർ കേരള 2021ന്റെ ഏറ്റവും വലിയ സവിശേഷത. ഇതിന്റെ സാങ്കേതികവശങ്ങൾ അന്തർദേശീയ തലത്തിലുള്ള പണ്ഡിതരും പ്രമുഖരായ വ്യാപാരികളും പങ്കെടുത്ത സെമിനാർ ഏറെ ശ്രദ്ധേയമായിരുന്നു. ബൈൻഡിംഗ് മെറ്റീരിയലൊന്നും ഉപയോഗിക്കാതെ ചകിരിച്ചോറുപയോഗിച്ച് ബോർഡ് നിർമ്മിക്കുന്ന രീതി ലൈവായി സെമിനാറിൽ പ്രദർശിപ്പിച്ചു. വ്യവസായലോകം വലിയ പ്രതീക്ഷയോടെ കാണുന്ന ഇന്നവേഷനാണിത്. ഈ ബോർഡുകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിന് സന്നദ്ധരാകുന്ന വ്യവസായികൾക്ക് ഈ സാങ്കേതികവിദ്യ സർക്കാർ നൽകും. കയർ വ്യവസായത്തിന്റെയും കോംപോസിറ്റ് ബോർഡ് വ്യവസായത്തിന്റെയും ഭാവിയെ അടിമുടി പുതുക്കിപ്പണിയുന്ന പ്രായോഗിക നേട്ടമാണ് നാം കൈവരിച്ചിട്ടുള്ളത്.

## ആദ്യത്തെ പൈലറ്റ് പ്ലാന്റ് ആലപ്പുഴയിൽ

ചകിരിച്ചോറിൽ നിന്ന് പലക ഉണ്ടാക്കാൻ ഉള്ള ലോകത്തിലെ ആദ്യത്തെ പൈലറ്റ് പ്ലാന്റ് ആലപ്പുഴയിൽ സ്ഥാപിക്കുന്നത് വലിയ ആകാംക്ഷയോടെയാണ് വിദഗ്ധർ നോക്കി കാണുന്നത്. പൈലറ്റ് പ്ലാന്റിലെ ഉത്പാദനവും പരീക്ഷണാടിസ്ഥാനത്തിൽ ആയിരുന്നു. കേരളത്തിലെ കയർ ഉത്പാദനത്തിന്റെ ഭാവിയെ ഇത് നിർണ്ണായകമായി സ്വാധീനിക്കും.

## വ്യവസായത്തിലേയ്ക്ക് പുതുതലമുറ

കയർ ജിയോ ടെക്സ്റ്റൈൽസിന്റെ കാര്യത്തിലും നവീന ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണത്തിനും സർക്കാർ പരമാവധി പ്രോത്സാഹനം നൽകും. ഈ മേഖലയിൽ നടക്കുന്ന ഇന്നൊവേഷനുകളുടെ അടിസ്ഥാനത്തിൽ സ്റ്റാർട്ട് അപ്പുകൾ രൂപീകരിക്കുന്നതിനും ഉത്പാദനപ്രക്രിയ സജീവമാക്കുന്നതിനും സർക്കാർ സഹായവും വായ്പയും നൽകും. ഇത്തരത്തിൽ കയർ അധിഷ്ഠിതമായ ആധുനിക ഉത്പന്നങ്ങളുടെ ഒരു പുതുനിര സൃഷ്ടിച്ച് അഭ്യസ്തവിദ്യരും സാങ്കേതികവിദഗ്ധരുമായ പുതുതലമുറയെ വ്യവസായത്തിലേയ്ക്ക് കൊണ്ടുവരാൻ കയർ കേരള അവസരമൊരുക്കും.

## മേള വീക്ഷിച്ചവർ 5.23 ലക്ഷം

കോവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് നടക്കുന്ന ഓൺലൈൻ ബിസിനസ് മീറ്റുകളിൽ ഏറ്റവും വിജയകരമായി നടന്നത് കയർ കേരള ആണ് എന്ന് അഭിമാനത്തോടെ അവകാശപ്പെടാം. സെമിനാറുകൾ, സാംസ്കാരിക പരിപാടികൾ, ബിസിനസ് മീറ്റുകൾ എന്നിവയിലെല്ലാമായി വിവിധ വെർച്വൽ പ്ലാറ്റ്ഫോമുകളിലായി 5,23,457 പേരാണ് പങ്കാളികളായത്. അതായത് ഒരാൾ ഒന്നിലധികം തവണ വരുന്നത് ഈ കണക്കിൽ പെടില്ല . സാധാരണ കയർ മേളയിൽ സന്ദർശകരുടെ എണ്ണം ഒരു ലക്ഷത്തിലേറെ വരില്ല. ഡിജിറ്റൽ വിപണന രീതികളുടെ വലിയ സാധ്യതകളിലേക്ക് ഇത് വിരൽ ചൂണ്ടുന്നുണ്ട്.

**കണക്കുകൾ 2021ഫെബ്രുവരി 21 വരെയുള്ളത്.*





# യന്ത്രവത്കരണവും തൊഴിലാളിവർഗ രാഷ്ട്രീയവും


**ആനത്തലവട്ടം ആനന്ദൻ**
വൈസ് ചെയർമാൻ
അപ്പക്സ് ബോഡി ഫോർ കയർ


**1940**കളിൽ നാലണക്കൂലിയാണ് കയർ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്നത്. 1950കളിൽ കയർതൊഴിലാളികളുടെ ഒരു ദിവസത്തെ വേതനം 50 പൈസയായി. അത് ലഭിക്കണമെങ്കിൽ പുലർച്ചെ ഏഴ് മുതൽ വൈകിട്ട് 7 വരെ പണിയെടുക്കണം. അൽപം വൈകിയാൽ കൂലി കുറയും. മാത്രമല്ല, മൂപ്പന്മാരുടെ ചാട്ടവാർ തൊഴിലാളികളുടെ മുതുകിൽ പതിക്കുകയും ചെയ്യും. 70 വർഷക്കാലം കൊണ്ട് വലിയ മാറ്റങ്ങൾ വന്നു.

കയർ തൊഴിലാളി ഇന്ന് 700 രൂപയാണ് കൂലി വാങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ 70 ശതമാനം മറ്റ് ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. നാൽപതുകളിലെ നാലണ കൂലിയിൽ നിന്ന് ഇന്നത്തെ നിലയിലേക്ക് കയർ തൊഴിലാളിയുടെ ജീവിതത്തിൽ മാറ്റമുണ്ടായതിൽ തൊഴിലാളി പ്രസ്ഥാനങ്ങളുടേയും അതിന്റെ പ്രവർത്തകരുടേയും ജീവൻപോലും ബലികൊടുത്ത ത്യാഗപൂർണ്ണമായ പ്രവർത്തനമുണ്ട്. മുന്നോട്ടുള്ള ഓരോ കാൽവെയ്പിലും അവരെ നന്ദിയോടെ സ്മരിക്കേണ്ടതുണ്ട്.

ഒരുകാലത്ത് തൊഴിലാളി സംഘടനകൾ ഈ കയർ രംഗത്തെ യന്ത്രവത്കരണത്തെ ശക്തിയായി എതിർത്തിരുന്നു. പക്ഷേ, ഇന്ന് ഉണ്ടായിക്കൊണ്ടിരുന്ന യന്ത്രവത്കരണം അടക്കമുള്ള മാറ്റങ്ങളെ പൂർണമായും പിന്തുണയ്ക്കുകയും ചെയ്യുന്നു. പണ്ടെടുത്ത നിലപാടുകളുടെ പേരിൽ തൊഴിലാളികളും തൊഴിലാളി പ്രസ്ഥാനങ്ങളും വളർച്ചയ്ക്കും പുരോഗതിക്കും എതിരാണെന്ന് ആക്ഷേപിക്കുന്നവരുണ്ട്.തൊഴിലാളികളുടെ കഞ്ഞിയിൽ മണ്ണ് വാരിയിടാൻ നടത്തിയ പ്രവർത്തനങ്ങളാണ് മുൻകാലങ്ങളിൽ എതിർത്തത്. അത് അനിവാര്യവുമായിരുന്നു. 1970കളിൽ തൊണ്ടുതല്ലൽ യന്ത്രം നിരോധിക്കണമെന്നാവശ്യപ്പെട്ടവരാണ് ഞങ്ങൾ. തൊഴിലാളികളുടെജോലി നഷ്ടപ്പെടുത്തി യന്ത്രവത്കരണം നടപ്പാക്കുകയും അതിന്റെ ഭാഗമായി ഒൻപത് തൊഴിലാളികൾ പട്ടിണി കിടന്നു മരിച്ചു. ആ സാഹചര്യത്തിലായിരുന്നു അന്നത്തെ സമരം. ശക്തമായ സമരത്തിലൂടെ തൊണ്ടുതല്ല് യന്ത്രങ്ങൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് സമ്പാദിക്കാനും അന്ന് കഴിഞ്ഞു. അന്ന് ആ നിലപാടായിരുന്നു ശരി.

അതേ ഞങ്ങൾ, യന്ത്രവത്കരണം അനിവാര്യമായ കാലത്ത് അവ സ്ഥാപിക്കാനും മുൻകൈയെടുത്തു. വി.എസ്. മന്ത്രിസഭയിൽ ജി സുധാകരൻ കയർ വകുപ്പ് മന്ത്രി ആയിരുന്നപ്പോൾ നിയോഗിച്ച കമ്മീഷന്റെ ചുമതലക്കാരനായിരുന്നു ഈ ലേഖകൻ. ആ കമ്മീഷൻ ശുപാർശ പ്രകാരമാണ് ഇന്ന് രണ്ടാം കയർ പുനസംഘടനയും അതിന്റെ ഭാഗമായി ഈ വ്യവസായത്തിൽ സമഗ്രമായ യന്ത്രവത്കരണവും നടക്കുന്നത്. തൊഴിലാളികളുടെ ജീവിതം വഴിമുട്ടിച്ച് മുതലാളിമാർക്ക് ലാഭമുണ്ടാക്കുന്നതിനല്ലമറിച്ച്തൊഴിൽ മേഖലയുടെ സർവോതോമുഖമായ പുരോഗതിക്കൊപ്പം തൊഴിലാളികളുടെ ജീവിതവും മെച്ചപ്പെടുത്താൻവേണ്ടി സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതുകൊണ്ടാണ് ഇന്ന് യന്ത്രവത്കരണം അടക്കമുള്ള അധുനികവത്കരണത്തിന് തൊഴിലാളികളും അവരുടെ പ്രസ്ഥാനങ്ങളും നേതാക്കളും മുൻകൈ എടുക്കുന്നത്.

തൊഴിലാളിവിരുദ്ധ ചിന്താഗതിക്കാർ ആക്ഷേപിക്കും പോലെയല്ല, മറിച്ച് മൂർത്തമായ സാഹചര്യങ്ങളെ മൂർത്തമായി വിശകലനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്ന ശരിയായ രാഷ്ട്രീയ നിലപാടായിരുന്നു എക്കാലത്തും തൊഴിലാളികളും അവരുടെ പ്രസ്ഥാനങ്ങളും കൈക്കൊള്ളുന്നതെന്ന് ഇന്ന് കാലം തെളിയിക്കുകയാണ്.

*(കയർ കേരള 2021ന്റെ ഉദ്ഘാടനചടങ്ങിൽ നടത്തിയ മുഖ്യപ്രഭാഷണത്തെ അധികരിച്ച് തയാറാക്കിയത്.)*

# കയർഭൂവസ്ത്രം

## കയർ കേരള 2021ൽ 120 കോടിയുടെ ധാരണാപത്രം

കയർകേരള 2021 ൽ കയർഭൂവസ്ത്രത്തിനായി 120 കോടിയുടെ ധാരണാപത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൻ.ആർ.ഇ.ജി.എസ്. എന്നിവയുമായി ഒപ്പുവെച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയാണ് ഏറ്റവും കൂടുതൽ കയർഭൂവസ്ത്രത്തിന് ഓർഡർ നൽകിയിട്ടുള്ളത്. 25,99,89,827 രൂപയുടെ 35,48,142 ച.മീ. കയർ ഭൂവസ്ത്രത്തിനുള്ള ധാരണാപത്രമാണ് ഈ കയർ കേരളയിൽ ആലപ്പുഴ ജില്ല ഒപ്പുവെച്ചിട്ടുള്ളത്. രണ്ടാംസ്ഥാനം തൃശൂർ ജില്ലയ്ക്കാണ്. 12,05,40,000 രൂപയുടെ 16,40,000 ച.മീ. കയർഭൂവസ്ത്രത്തിനുള്ള ധാരണാപത്രത്തിലാണ് തൃശൂർ ജില്ല ഒപ്പുവെച്ചത്. കൊല്ലം, പത്തനംതിട്ട ജില്ലകളാണ് തുടർന്നുള്ള സ്ഥാനങ്ങളിലുള്ളത്. 10,04,00,000 രൂപയുടെ 13,65,545 ച.മീ. കയർഭൂവസ്ത്രത്തിന് കൊല്ലവും 10,00,00,000 രൂപയുടെ 13,60,545 ച.മീ. കയർഭൂവസ്ത്രത്തിന് പത്തനംതിട്ട ജില്ലയും ഒപ്പുവെച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | തുക | അളവ് (ച.മി) |
|---|---|---|
| ആലപ്പുഴ | 25,99,89,827 | 35,48,148 |
| കോഴിക്കോട് | 9,84,39,000 | 14,06,272 |
| കോട്ടയം | 6,98,05,155 | 9,56,235 |
| എറണാകുളം | 6,52,62,000 | 8,94,000 |
| കണ്ണൂർ | 3,34,34,048 | 4,54,885 |
| മലപ്പുറം | 9,00,00,015 | 12,24,490 |
| പാലക്കാട് | 8,68,03,500 | 11,81,000 |
| വയനാട് | 4,64,10,000 | 6,31,428 |
| കാസർഗോഡ് | 2,79,30,000 | 3,80,000 |
| തിരുവനന്തപുരം | 8,32,04,646 | 11,39,789 |
| ഇടുക്കി | 3,05,90,700 | 4,16,200 |
| തൃശൂർ | 12,05,40,000 | 16,40,000 |
| കൊല്ലം | 10,04,00,000 | 13,65,545 |
| പത്തനംതിട്ട | 10,00,00,000 | 13,60545 |






## പുതുവഴികൾ ഇഴചേർത്ത്

# കയർമേഖല മുന്നോട്ട്

**അഡ്വ.എൻ. സായികുമാർ**
പ്രസിഡന്റ്, കയർഫെഡ്

മഹാപ്രളയത്തിനും മഹാമാരിയ്ക്കും തളർത്താനാവാത്ത ഇച്ഛാശക്തിയുമായി നവകേരള നിർമ്മാണവുമായി മുന്നോട്ടു പോകുന്ന പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ ലക്ഷ്യബോധത്തിലൂന്നിയ ആസൂത്രണപ്രവർത്തനങ്ങളിലൂടേയും കേരളത്തിലെ കയർ വ്യവസായം അനുനിമിഷം പുരോഗതിയിലേക്ക് കുതിക്കുകയാണ്. അന്തർദേശീയ നിലവാരത്തിൽ പശ്ചാത്തല സൗകര്യമൊരുക്കിയും തൊഴിൽ മേഖലയിലെ സർഗശക്തിയെ കെട്ടഴിച്ചുവിട്ടും സാമ്പത്തിക വളർച്ചയ്ക്കു അനുഗുണമാകുന്ന പുത്തൻ ആശയങ്ങൾ (ഇന്നവേഷൻസ്) കണ്ടെത്തിയും അവയെ പരിപോഷിപ്പിച്ചുമാണ് ഈ കുതിപ്പ് സാധ്യമാക്കുന്നത്. ഇങ്ങനെ പരമ്പരാഗത ഉത്പന്നനിർമ്മിതിയെ സംരക്ഷിച്ചുകൊണ്ടു തന്നെ കയർ അധിഷ്ഠിതമായ വൈവിധ്യമാർന്ന പുതുപുത്തൻ ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്തു മുന്നേറുക എന്ന തന്ത്രം വിജയകരമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ഒമ്പതാമത്തെ കയർ കേരള ആലപ്പുഴയിൽ അരങ്ങേറിയത്.

2021 ഫെബ്രുവരി 16 മുതൽ 21 വരെ ആലപ്പുഴയിൽ വെർച്വൽ ആയി നടന്ന കയർമേള നൂതനമായ അനുഭവമായി മാറി. പൊതുമേഖലാ സ്ഥാപനങ്ങളും കയറ്റുമതിക്കാരും സംരംഭകരുമെല്ലാം അവരവരുടെ സ്റ്റാളുകൾ രജിസ്റ്റർ ചെയ്യുകയും ലോകത്തെമ്പാടുമുള്ളവർ സ്റ്റാളുകൾ സന്ദർശിച്ച് ഉത്പന്നങ്ങൾ വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുകയും ചെയ്തു. മാത്രമല്ല ലോകത്തിന്റെ വിവിധഭാഗങ്ങളിലിരുന്നു പണ്ഡിതമാർ സെമിനാറുകളിൽ സംബന്ധിക്കുകയും അതു കേരളം മുഴുവൻ വീക്ഷിക്കുകയും ചെയ്തു. അക്ഷരാർത്ഥത്തിൽ ചരിത്രത്തിലെ ഏറ്റവും കൂടുതലാളുകളുടെ പങ്കാളിത്തമുള്ള മേളയായി ഈ വെർച്വൽ മേള മാറി.

### സംഘർഷങ്ങളില്ലാത്ത നവീകരണ പ്രക്രിയ

രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയിലൂടെ, പരമ്പരാഗത മേഖലയെ പരിപൂർണമായും സംരക്ഷിച്ചുകൊണ്ടുതന്നെ ആധുനീകരണ വൈവിധ്യവത്കരണ പ്രക്രിയകളിലൂടെ കയർവ്യവസായത്തെ പുനഃസംഘടപ്പിക്കാനുള്ള ധനകയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ ലക്ഷ്യത്തിന്റെ സാക്ഷാത്കാരം അന്തിമഘട്ടത്തിലേക്ക് അടുക്കുകയാണ്. മുമ്പൊക്കെ കയർ മേഖലയിൽ യന്ത്രവത്ക്കരണമെന്നു കേൾക്കുമ്പോൾ തന്നെ അസ്വാരസ്യങ്ങളും സംഘർഷങ്ങളും



രൂപപ്പെടുമായിരുന്നെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് 126 സഹകരണസംഘങ്ങളിലായി ഇതിനകം 1257 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വിന്യസിച്ച് സംഘർഷങ്ങളുടെ ലാഞ്ചന പോലുമില്ലാതെ ഉത്പാദനമാരംഭിച്ചു കഴിഞ്ഞു. 125 ചകിരി മില്ലുകൾ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു. 25 ചകിരി മില്ലുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഉത്പന്ന നിർമ്മാണ മേഖലയിലും ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ചു തുടങ്ങി. കയർ ബെൻഡർലെസ് ബോർഡ് ഫാക്ടറി വ്യാവസായികോത്പാദനം ആരംഭിച്ചു ചകിരിച്ചോറിന്റെ വിപണിമൂല്യം വർദ്ധിപ്പിക്കുന്നതിനു കയർഫെഡ് നിർമ്മിച്ച നിരവധി മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണി കീഴടക്കി കഴിഞ്ഞു. കൊക്കോ ലോഗ്, മൾച്ചിംഗ് മാറ്റ്, പ്രകൃതി സൗഹൃദ പൂന്തോട്ടസാമഗ്രികൾ തുടങ്ങി നിരവധി നോൺ വോവൻ ഉത്പന്നങ്ങൾ ഇന്നു കേരളം ധാരാളമായി ഉപയോഗിച്ചുതുടങ്ങി.

## ഇച്ഛാശക്തികൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിച്ച സർക്കാർ

പിണറായി സർക്കാർ കയർ മേഖലയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. 2017 ഒക്ടോബറിലെ കയർ കേരളയോടനുബന്ധിച്ചാണ് രണ്ടാം കയർ പുനഃസംഘടനാപദ്ധതി പ്രഖ്യാപിച്ചത്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഒന്നരവർഷക്കാലം കൂടിയാലോചനകൾക്കും ചർച്ചകൾക്കും പദ്ധതി രൂപീകരണത്തിനും മറ്റുമായി സർക്കാർ നീക്കിവെച്ചു. സമയബന്ധിതമായ പദ്ധതി നിർവ്വഹണത്തിനു ഈ കൂടിയാലോചനകളും ചർച്ചകളും ഏറെ പ്രയോജനം ചെയ്തു. അടുത്ത വർഷത്തോടെ രണ്ടാം പുനഃസംഘടനാപദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ശരാശരി കയറുത്പാദനം പ്രതിവർഷം 68,300 ക്വിന്റലാണ്. കഴിഞ്ഞ വർഷം കയർ സംഭരണം 2 ലക്ഷം ക്വിന്റലിലേക്ക് ഉയർന്നു. ഇക്കൊല്ലം മൂന്ന് ലക്ഷമായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. വരുമാന പൂരക പദ്ധതിയുടെ സഹായം യഥാസമയം ലഭ്യമാക്കി പരമ്പരാഗത കയർ തൊഴിലാളികൾക്ക് സംരക്ഷണം നൽകിയതുകൊണ്ടാണ്, കയറുത്പാദനത്തിൽ ഈ മുന്നേറ്റം സൃഷ്ടിക്കുവാനായത്. കയറിന്റെ വിൽപനയിലും ഗണ്യമായ കുതിച്ചുകയറ്റം ഈ സർക്കാരിന്റെ കാലത്തുണ്ടായി.

കയർഫെഡ് സംഭരിക്കുന്ന കയർ, ചെറുകിട കയറുത്പാദകർക്കും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കുമായി വില വ്യതിയാന ഫണ്ട് വിനിയോഗിച്ച് ഡിസ്ക്കൗണ്ടിൽ വിറ്റഴിച്ചാണ് കയറിന്റെ വിൽപ്പന വർദ്ധിപ്പിച്ചത്. ഉത്പന്നനിർമ്മാണ മേഖലയിലെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

കയർ കോർപ്പറേഷന്റെ ആകെ സംഭരണം 80 കോടിയിൽ നിന്നും 200 കോടിയിലേക്ക് ഉയരുകയാണ്. കയർഫെഡിന്റെ ആകെ വിറ്റുവരവ് ശരാശരി 55 കോടിയിൽ നിന്നും 200 കോടിയിലേക്ക് മുന്നേറുകയാണ്.

ചുരുക്കത്തിൽ ഈ സർക്കാർ കയർ വ്യവസായത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച് മുന്നേറുകയാണ്. തൊഴിലാളി സഹകരണ സംഘങ്ങളിലെ മുഴുവൻ കടബാധ്യതയും ഒഴിവാക്കുകയും അവയ്ക്കു മതിയായ പ്രവർത്തന മൂലധനം അനുവദിക്കുകയും ചെയ്തു. കയർ സംഘം ജീവനക്കാരുടെ പെൻഷനുവേണ്ടിയുള്ള മുറവിളിയ്ക്കു പരിഹാരമായി. എം.ഡി.എ, പി.എം.ഐ, മാനേജീരിയൽ സബ്സിഡി, പ്രൈസ് ഫ്ളെക്ച്ചുവേഷൻ ഫണ്ട്, വരുമാന ഉറപ്പ് പദ്ധതിയുടെ സഹായം എന്നിവ മുടക്കം കൂടാതെ വിതരണം ചെയ്യുന്നു. പെൻഷൻ തുക 1,600/രൂപയായി വർദ്ധിപ്പിച്ച് മുടക്കമില്ലാതെ വിതരണം ചെയ്തും ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് ക്ഷേമ പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്.

ചുരുക്കത്തിൽ നാശോൻമുഖമായി അസ്തമിച്ചുപോയ കയർ വ്യവസായത്തെ സമുദ്ധരിച്ച് സൂര്യോദയ വ്യവസായമാക്കി വീണ്ടെടുക്കുന്നതിന് പിണറായി വിജയൻ സർക്കാർ ആവിഷ്കരിച്ച നടപടികളാണ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായി പുരോഗമിക്കുന്നത്.




*കായംകുളം പ്രോജക്ടിലെ കായംകുളം ദേശിനകത്ത് ദേശാഭിമാനി വനിത കയർ വ്യവസായ സംഘം വൈ 1430 അഡ്വ. യു. പ്രതിഭ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.*

# മുഖച്ഛായ മാറുന്ന കയർ മേഖല

## 125 യന്ത്രവത്കൃത കയർ യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തു

### യന്ത്രവത്കൃത ചകിരിമില്ലുകൾ

1. ക്ലാഡിസ്, കോഴിക്കോട് പ്രോജക്ട്
2. പ്രവാസി കയർ പ്രോഡക്ട്സ്, കോഴിക്കോട് പ്രോജക്ട്
3. ഗ്ലോബൽ ഫൈബേഴ്സ്, കോഴിക്കോട് പ്രോജക്ട്
4. കാലിക്കറ്റ് കൊക്കോ, കോഴിക്കോട് പ്രോജക്ട്
5. ശ്രീകൃഷ്ണ ഫൈബേഴ്സ്, കോഴിക്കോട് പ്രോജക്ട്
6. ചെറുകുഴിയിൽ ഡി.എഫ്.മിൽ, പൊന്നാനി
7. നാച്ചുറൽ ഫൈബേഴ്സ് & ബയോ ഫെർട്ടിലൈസേഴ്സ്, പൊന്നാനി പ്രോജക്ട്
8. തെറ്റത്തു ഡി.എഫ്.യൂണിറ്റ്, പൊന്നാനി പ്രോജക്ട്
9. ചേലാമ്പ്ര കയർ ഫൈബർ, പൊന്നാനി പ്രോജക്ട്
10. മാർവൽ ഫൈബേഴ്സ്, പൊന്നാനി പ്രോജക്ട്
11. നെക്സാ കയർ പ്രോഡക്ട്സ്, പൊന്നാനി പ്രോജക്ട്
12. കെ.കെ.ഡീഫൈബറിംഗ് യൂണിറ്റ്, പൊന്നാനി പ്രോജക്ട്
13. മുതലമട സി.പി.സി, പൊന്നാനി പ്രോജക്ട്
14. വള്ളിക്കുന്നം സിവിസിഎസ്, പൊന്നാനി പ്രോജക്ട്
15. ക്വാളിറ്റി ഫൈബർ, കണ്ണൂർ പ്രോജക്ട്
16. മാള ബ്ലോക്ക് എസ്.ടി. ഡി.എഫ് യൂണിറ്റ്, തൃശ്ശൂർ
17. എ.വൺ കയർ പ്രോഡക്ട്സ്, തൃശ്ശൂർ
18. സ്റ്റാർ ഡി.എഫ്.യൂണിറ്റ്, കൊല്ലം
19. പ്രയാർ സി.വി.സി.എസ് 547, കൊല്ലം പ്രോജക്ട്
20. കൊറ്റംപള്ളി നവോദയ സി.വിസിഎസ് 1305, കൊല്ലം
21. കലക്കോട് സി.വിസിഎസ് 203, കൊല്ലം
22. മുതുകുളം സൗത്ത് സി.വിസിഎസ് 210, കായംകുളം
23. മുതുകുളം സി.വിസിഎസ് 72, കായംകുളം
24. ചിറയിൻകീഴ് മാറ്റ്സ് & മാറ്റിംഗ്സ് 1000, തിരുവനന്തപുരം
25. വാഴമുട്ടം സി.വിസിഎസ് 3061, തിരുവനന്തപുരം

# യന്ത്രവത്കൃത കയർപിരി യൂണിറ്റുകൾ

1. ക്ലാപ്പന സിവിസിഎസ് നം.431
2. പ്രയാർ സൗത്ത് സിവിസിഎസ് നം.547
3. പുതുമണ്ണേൽക്കടവ് സിവിസിഎസ് നം.874
4. ആദിനാട് നോർത്ത് സിവിസിഎസ് നം.488
5. ആലപ്പാട് മണ്ണേൽക്കടവ് സിവിസിഎസ് നം.868
6. കൊറ്റമ്പള്ളി നവോദയ സിവിസിഎസ് നം. 1305
7. ചാമ്പക്കടവ് സിവിസിഎസ് നം. 373
8. പരവൂർ സിവിസിഎസ് നം.3088
9. കണ്ടച്ചിറ സിവിസിഎസ് നം.50
10. ഞാറയ്ക്കൽ സിവിസിഎസ് നം.290
11. ഞാറയ്ക്കൽ ഈസ്റ്റ് സിവിസിഎസ് നം.638
12. നടുവിലച്ചേരി വടക്കേക്കര സി.വി.സി.എസ് നം.291
13. പ്രാക്കുളം ഈസ്റ്റ് സി.വി.സി.എസ് നം 639
14. മുരുന്തൽ നോർത്ത് സി.വി.സി.എസ് നം 635
15. നീരാവിൽച്ചേരി സി.വി.സി.എസ് നം 538
16. കൂനോയിൽ സി.വി.സി.എസ് നം 636
17. തുറയിൽക്കുന്നു സി.വി.സി.എസ് നം327
18. വാഴക്കൂട്ടത്തിൽക്കടവ് സി.വി.സി.എസ് നം 642
19. പള്ളിക്കടവ് സി.വി.സി.എസ് നം 844
20. പനയന്നാർക്കാവ് സി.വി.സി.എസ് നം 125
21. പെരുങ്ങുഴി സി.വി.സി.എസ് നം 3053
22. മുട്ടപ്പലം സി.വി.സി.എസ് നം 705
23. മാടൻവിള സി.വി.സി.എസ് നം
24. ആനത്തലവട്ടം സി.വി.സി.എസ് നം 708
25. കോവളം സി.വി.സി.എസ് നം 108
26. വാഴമുട്ടം സി.വി.സി.എസ് നം 3061
27. ഇടഞ്ഞിമൂല സി.വി.സി.എസ് നം 536
28. പാച്ചല്ലൂർ സി.വി.സി.എസ് നം 177
29. കടലുണ്ടി സി.വി.സി.എസ് നം223
30. പെരുമുഖം സി.വി.സി.എസ് നം 694
31. കുന്നത്തറ സി.വി.സി.എസ് നം 268
32. പുതുപനം സി.വി.സി.എസ് നം 260
33. ഇരിങ്ങൽ സി.വി.സി.എസ് നം 382
34. കരുവാഞ്ചേരി സി.വി.സി.എസ് നം 512
35. പാലയാട് സി.വി.സി.എസ് നം 258
36. ചേലിയ സി.വി.സി.എസ് നം 608
37. കണയംകോട് സി.വി.സി.എസ് നം 275
38. ചേമഞ്ചേരി സി.വി.സി.എസ് നം 256
39. രായരങ്ങോത്ത് സി.വി.സി.എസ് നം 514
40. ചീനഞ്ചേരി കാപ്പാട് സി.വി.സി.എസ് നം 279
41. ചിങ്ങോലി നോർത്ത് സി.വി.സി.എസ് നം 207
42. കുമാരപുരം സി.വി.സി.എസ് നം 70
43. താമല്ലാക്കൽ സി.വി.സി.എസ് നം 316
44. മംഗലം സി.വി.സി.എസ് നം 483
45. ആറാട്ടുപ്പുഴ സി.വി.സി.എസ് നം 550
46. മഹാദേവിക്കാട് സി.വി.സി.എസ് നം 462
47. മുതുകുളം നോർത്ത് സി.വി.സി.എസ് നം 364
48. ആറാട്ടുപുഴ കിഴക്കേക്കര സി.വി.സി.എസ് 325
49. കായംകുളം സി.വി.സി.എസ് നം 406
50. ആറാട്ടുപുഴ കരിത്തറ സി.വി.സി.എസ് നം 648
51. കണ്ടല്ലൂർ നോർത്ത സി.വി.സി.എസ് നം 323
52. കണ്ടല്ലൂർ സൗത്ത് സി.വി.സി.എസ് നം 322
53. പൂയ്യപ്പള്ളി സി.വി.സി.എസ് നം
54. ചെറായി സി.വി.സി.എസ് നം 581
55. പള്ളിപ്പുറം സി.വി.സി.എസ് നം 715
56. മൂത്തക്കുന്നം സി.വി.സി.എസ് നം 51
57. വാവക്കാട് സി.വി.സി.എസ് നം 145
58. കൂട്ടുക്കാട് സി.വി.സി.എസ് നം 583
59. ഗുണ്ടു ഐലണ്ട് സി.വി.സി.എസ് നം 297
60. മാച്ചാൻതുരുത്ത സി.വി.സി.എസ് നം 500
61. മടപ്ലാതുരുത്ത് സി.വി.സി.എസ് നം 509
62. ഉദയംപേരൂർ സി.വി.സി.എസ് നം 194
63. ചെറുവത്തൂർ സി.വി.സി.എസ് നം 252
64. പാപ്പിനിശ്ശേരി സി.വി.സി.എസ് നം 332
65. പയ്യന്നൂർ സി.വി.സി.എസ് നം 366
66. പടന്ന കടന്നപ്പുറം സി.വി.സി.എസ് നം 224
67. അഴീക്കോട് സി.വി.സി.എസ് നം 261
68. എഴോം എസ്.സി സി.വി.സി.എസ് നം 990
69. താവം സി.വി.സി.എസ് നം 364
70. എടവക്കാട് സി.വി.സി.എസ് നം 274
71. കണ്ണപുരം സി.വി.സി.എസ് നം 685
72. ചെറുവത്തൂർ എസ്.സി.എസ്.ടി 974
73. ധർമ്മടം സി.വി.സി.എസ് നം 266
74. തൃക്കരിപൂർ സി.വി.സി.എസ് നം 320
75. തിരുനെല്ലൂർ ഈസ്റ്റ് സി.വി.സി.എസ് നം 721
76. ചെങ്ങണ്ട സി.വി.സി.എസ് നം 555
77. വയലാർ നോർത്ത് സി.വി.സി.എസ് നം 568
78. ചേർത്തല വടക്കുമുറി സി.വി.സി.എസ് നം659
79. കഞ്ഞികുഴി സി.എം.സി 745
80. വാരണം സി.വി.സി.എസ് നം 834
81. നെടുമ്പ്രക്കാട് സി.വി.സി.എസ് നം 552
82. കട്ടച്ചിറ സി.വി.സി.എസ് നം 731
83. കല്ലാപ്പുറം സി.വി.സി.എസ് നം 734
84. തണ്ണീർമുക്കം സി.വി.സി.എസ് നം 484
85. പൂച്ചാക്കൽ സി.വി.സി.എസ് നം 14
86. കളത്തിവീട് സി.വി.സി.എസ് നം 1108
87. അക്കരപ്പാടം സി.വി.സി.എസ് നം 57
88. ചെമ്മനാകരി സി.വി.സി.എസ് നം 573
89. പടിഞ്ഞാറെക്കര സി.വി.സി.എസ് നം 338
90. മറവൻതുരുത്ത് വടക്കുഭാഗം സി.വി.സി.എസ് 676
91. വെച്ചൂർ സി.വി.സി.എസ് നം 19
92. വരിക്കാംകുന്നു സി.വി.സി.എസ് നം 434
93. കരുപടന്ന വള്ളിവട്ടം സി.വി.സി.എസ് നം 822
94. പുത്തൻചിറ സി.വി.സി.എസ് നം 994
95. ചാപ്പാറ സി.വി.സി.എസ് നം 352
96. കടലായി കരുമാത്ര സി.വി.സി.എസ് നം 503
97. എൽത്തുരുത്ത് സി.വി.സി.എസ് നം 348
98. അഴീക്കോട് സി.വി.സി.എസ് നം 69
99. വെളുത്തകടവ് സി.വി.സി.എസ് നം 584
100. കരിക്കോടി സി.വി.സി.എസ് നം 485



*മുഹമ്മ ലേബറേഴ്സ് കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ് കോ-ഓപ്പറേറ്റീവ് സംഘം ക്ലിപ്തം നമ്പർ 733-ൽ ആധുനിക കയർ ഫാക്ടറിയുടെയും ഓട്ടോമാറ്റിക് തറികളുടെയും പി.വി.സി ടഫ്റ്റഡ് യൂണിറ്റിന്റെയും ശിലാസ്ഥാപനം ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർവഹിക്കുന്നു.*

# മുഹമ്മ ലേബറേഴ്സ് സംഘത്തിലെ ഫാക്ടറിക്ക് ശിലാസ്ഥാപനം നടത്തി

മുഹമ്മ ലേബറേഴ്സ് കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ് കോ-ഓപ്പറേറ്റീവ് സംഘം ക്ലിപ്തം നമ്പർ 733-ൽ നടന്ന ആധുനിക കയർ ഫാക്ടറിയുടെയും ഓട്ടോമാറ്റിക് തറികളുടെയും പി.വി.സി ടഫ്റ്റഡ് യൂണിറ്റിന്റെയും ശിലാസ്ഥാപനം സംസ്ഥാന ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർവഹിച്ചു. ചടങ്ങിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി പി. തിലോത്തമൻ അധ്യക്ഷത വഹിച്ചു. എ.എം ആരീഫ് എം.പി യുടെ മഹനീയ സാന്നിദ്ധ്യം ചടങ്ങിൽ ഉണ്ടായിരുന്നു. കയർ പ്രോജക്ട് ഓഫീസർ ശ്രീമതി. കെ.എം. ഇന്ദിര, കയർ രംഗത്തെ സഹകാരികൾ, തൊഴിലാളികൾ പ്രോജക്ട് തല ഉദ്യോഗസ്ഥർ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ സംഘം പ്രസിഡന്റ് സി.കെ. സുരേന്ദ്രൻ, സെക്രട്ടറി ഗവേഷ് എന്നിവർ സംബന്ധിച്ചു.




*മുഹമ്മ ലേബറേഴ്സ് കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ് കോ-ഓപ്പറേറ്റീവ് സംഘം ക്ലിപ്തം നമ്പർ 733-ൽ നടന്ന ആധുനിക കയർ ഫാക്ടറിയുടെയും ഓട്ടോമാറ്റിക് തറികളുടെയും പി.വി.സി ടഫ്റ്റഡ് യൂണിറ്റിന്റെയും ശിലാ സ്ഥാപന ചടങ്ങിൽ മന്ത്രി പി. തിലോത്തമൻ സംസാരിക്കുന്നു.*



# കയർഫെഡ് തുമ്പൂർ ചകിരി മില്ല് ഉദ്ഘാടനം ചെയ്തു

രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയിൽ സർക്കാർ സ്ഥാപിക്കുന്ന 117-ാമത് ചകിരിമില്ല് കയർഫെഡിന്റെ തുമ്പൂരിൽ ധനകാര്യ-കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രൊഫ. കെ.യു. അരുണൻ മാസ്റ്റർ എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. മെഷീൻ സ്വിച്ച് ഓൺ കർമ്മം തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിഡ് മാസ്റ്റർ നിർവഹിച്ചു.

രണ്ടാംകയർ പുനസംഘടനാ പദ്ധതിയിലൂടെ കയർ വ്യവസായം അതിന്റെ പഴയകാല പ്രൗഢിയിലേക്ക് തിരിച്ചുവരികയാണ്. പരമ്പരാഗത വ്യവസായത്തെ സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തിൽ ആധുനികവത്കരണവും യന്ത്രവത്കരണവും നടപ്പിലാക്കുക എന്നതാണ് രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ കാതലായഭാഗം.

സുശീലാ ഗോപാലൻ വ്യവസായ മന്ത്രിയായിരുന്നപ്പോൾ 1997-ൽ സ്ഥാപിച്ചതാണ് കയർഫെഡിന്റെ തുമ്പൂരിലുള്ള ചകിരി മില്ല്. പിന്നീട് ജി.സുധാകരൻ കയർ മന്ത്രിയായിരുന്നപ്പോൾ മെഷിനറി നവീകരിച്ച് യൂണിറ്റ് പരിഷ്ക്കരിച്ചിരുന്നു. നിലവിലുണ്ടായിരുന്ന മെഷിനറി കാലപഴക്കത്താൽ പ്രവർത്തന ക്ഷമമല്ലാതായതിനെ തുടർന്നാണ് യൂണിറ്റിൽ പുതിയ മെഷിനറി സ്ഥാപിച്ചത്. സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയാണ് യൂണിറ്റിൽ പുതിയ മെഷിനറികൾ സ്ഥാപിച്ച് നൽകിയിട്ടുള്ളത്. കയർ-ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് പ്രത്യേക താത്പര്യമെടുത്താണ് ഇവിടെ കയർഫെഡിന്റെ ഉടമസ്ഥതയിൽ പുതിയ ചകിരിമില്ല് സ്ഥാപിച്ചത്. ഇതുവഴി കയർ മേഖലയിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങൾക്ക് കുറഞ്ഞ വിലയിൽ ഗുണമേൻമയുള്ള ചകിരി ലഭ്യമാകുന്നതാണ്.

യോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിജയലക്ഷ്മി വിനയചന്ദ്രൻ, പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. ധനീഷ്, ബ്ലോക്ക് മെമ്പർ ടെസി ജോയ് കൊടിയൻ, വാർഡ് മെമ്പർ ഷീജ ഉണ്ണികൃഷ്ണൻ, കയർഫെഡ് ബോർഡ് മെമ്പർമാരായ വി.എൻ. ഉണ്ണികൃഷ്ണൻ, കെ.എ. മുഹമ്മദ്, എം.പി. നാരായണൻ നായർ, വിനേഷ് എസ്. എന്നിവർ സംസാരിച്ചു.





# കയർഫെഡ് കയർ ആന്റ് ക്രാഫ്റ്റ് ഷോറൂം തുറന്നു



*കയർഫെഡും കുടുംബശ്രീയും ചേർന്ന് ആരംഭിച്ച കയർ ആന്റ് ക്രാഫ്റ്റ് ഷോറൂം ആലപ്പുഴയിൽ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു. കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം, വി.എസ്. മണി, എം. പുഷ്ക്കരൻ, ജനറൽ മാനേജർ ബി.സുനിൽ തുടങ്ങിയവർ സമീപം.*

## എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കയർ ആന്റ് ക്രാഫ്റ്റ് സ്റ്റോറുകൾ സ്ഥാപിക്കും: മന്ത്രി ഡോ. ടി.എം. തോമസ് ഐസക്

**സം**സ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകൾ സ്ഥാപിക്കുമെന്ന് സംസ്ഥാന ധന കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. കയർഫെഡും കുടുംബശ്രീയുമായി ചേർന്ന് കയർ ഉത്പന്നങ്ങളും, കുടുംബശ്രീ ഉത്പന്നങ്ങളും വിപണനം ചെയ്യുന്നതിനുള്ള കയർ ആൻഡ് ക്രാഫ്റ്റ് ഷോറൂം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തുടനീളം ഇത്തരം ആയിരം സ്റ്റോറുകൾ ആരംഭിക്കാം. കുടുംബശ്രീയുടെ നേതൃത്വത്തിൽ കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രിയുടെ നൂറുദിന പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചിരുന്നു.

കയർഫെഡിന്റെ കയർ ഉത്പന്നങ്ങൾ കൂടാതെ, കുടുംബശ്രീയുടെ കീഴിലുള്ള വിവിധ യൂണിറ്റുകളുടെ ഭക്ഷ്യ ഭക്ഷ്യേതര ഉത്പന്നങ്ങൾ, കേരള വനം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 'വനശ്രീ' യുടെ വൻതേൻ, ചെറുതേൻ, പുൽതൈലം, യൂക്കാലിപ്പ്റ്റസ്, മറ്റ് ഓയിൽ, ഗ്രാമ്പൂ, ഏലം, ഗ്രീൻ റ്റീ, കേരള സോപ്പിന്റെ വിവിധ സോപ്പുകൾ, ദിനേശ് ഫുഡ്സ് കണ്ണൂരിന്റെ



വെർജിൻ കോക്കനട്ട് ഓയിൽ, പ്രോസസ്ഡ് കൊക്കനട്ട് മിൽക്ക്, നന്നാറി സർബത്ത്, പലതരത്തിലുള്ള പാനിയങ്ങൾ, മസാല കൂട്ടുകൾ ക്യാപെക്സ് ക്യാഷുവിന്റെ പല ഗ്രേഡിലുള്ള കശുവണ്ടി, ഫോം മാറ്റിംഗ്സിന്റെ ചകിരി നാരിൽ നിന്നും നിർമ്മിക്കുന്ന കയർ കോംമ്പോസിറ്റ് ബോർഡ്, ബാംബു കോർപ്പറേഷന്റെ മുളകൊണ്ടുള്ള വിവിധ ഉത്പന്നങ്ങൾ, ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തടിയിൽ നിർമ്മിച്ചിരിക്കുന്ന കരകൗശല ഉത്പന്നങ്ങൾ, ചകിരി നാരിൽ നിന്നും ചിരട്ടയിൽ നിന്നും ഉണ്ടാക്കുന്ന വിവിധ കരകൗശല ഉത്പന്നങ്ങൾ എല്ലാം തന്നെ പ്രത്യേക നിരക്കിൽ കയർഫെഡ് കയർ ആൻഡ് ക്രാഫ്റ്റ് ഷോറൂമിൽ ലഭ്യമാണ്. ഈ ഉത്പന്നങ്ങൾ കയർഫെഡിന്റെ ആലപ്പുഴ ഷോറൂമിനോടനുബന്ധിച്ചുള്ള ഷോപ്പിൽ നിന്നും ലഭിക്കുന്നതാണ്. കയർഫെഡിന്റെ ആലപ്പുഴ ഷോറൂം പരിസരത്ത് നടന്ന ഉദ്ഘാടന ചടങ്ങിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ആലപ്പുഴ മുൻസിപ്പൽ ചെയർപേഴ്സൺ സൗമ്യരാജ്, കയർഫെഡ് വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം, ഡയറക്ടർ ബോർഡ് അംഗങ്ങളായ വി.എസ്. മണി, എം. പുഷ്ക്കരൻ, സാബു, അനിൽ കുമാർ, വാർഡ് കൗൺസിലർ സിനി ഷാഫി ഖാൻ, കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർ ജെ. പ്രശാന്ത് ബാബു, എം.ജി. സുരേഷ്, കയർഫെഡ് ജനറൽ മാനേജർ ബി. സുനിൽ എന്നിവർ പങ്കെടുത്തു.

ഉദ്ഘാടന വേളയിൽ ധനകാര്യ കയർ വകുപ്പ് മന്ത്രി, കയർ ആൻഡ് ക്രാഫ്റ്റ് ഷോറൂമിൽ മുളകൊണ്ടുള്ള ഉത്പന്നങ്ങൾ, മൺപാത്രങ്ങൾ, വയനാടൻ കോഫി ഉത്പന്നങ്ങളും ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വടയാർ മൺപാത്ര പൈതൃക ഗ്രാമം തയാറാക്കുന്ന മൺപാത്രവും, അലങ്കാര ഉത്പന്നങ്ങളും, മുളയിൽ നിന്നും ഈറ്റയിൽ നിന്നും നിർമ്മിക്കുന്ന വിവിധ കുട്ടകൾ, വട്ടികൾ, എന്നിവ കൂടാതെ ഭൗമസുചികയിൽ ഉൾപ്പെട്ടിട്ടുള്ള മറയൂർ ശർക്കര, വിഴക്കുളം പൈനാപ്പിൾ പ്രൊഡക്ട്സ്, പാലക്കാടൻ മട്ട അരി തുടങ്ങിയവയും മൂന്നാർ തേയില, പതിയൻ ശർക്കര, ഓണാട്ടുകരയിലെ എള്ള്, മത്സ്യഫെഡിന്റെ വിവിധ ഉത്പന്നങ്ങൾ, ഗന്ധകശാല, കൃഷ്ണമോദ് അരികൾ തഴപ്പായ എന്നീ പരമ്പരാഗത ഉത്പന്നങ്ങളും ഷോറൂമിൽ ഏപ്രിൽ മാസത്തോടെ ലഭ്യമായി തുടങ്ങും.

കേരളത്തിൽ തന്നെ പരമ്പരാഗത മേഖലയിലെയും, സർക്കാർ പൊതുമേഖലയിലെയും ഉത്പന്നങ്ങൾ ഒരു ഷോറൂമിൽ ലഭ്യമാക്കുന്ന കേന്ദ്രമായി കയർഫെഡ് കയർ ആൻഡ് ക്രാഫ്റ്റ് ഷോറൂം മാറുകയാണ്. അടുത്ത സാമ്പത്തിക വർഷം കൂടുതൽ കയർ ആൻഡ് ക്രാഫ്റ്റ് ഷോറൂമുകൾ പ്രധാന സ്ഥലങ്ങളിൽ തുടങ്ങുന്നതിനും കയർഫെഡിന് പദ്ധതിയുണ്ട്. കയർഫെഡിന്റെ ആലപ്പുഴ കണ്ണൻവർക്കി പാലത്തിനു സമീപമുള്ള സ്റ്റോറിൽ എത്തി ഈ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വാങ്ങുന്നതിനുള്ള എല്ലാവിധ സൗകര്യവും കയർഫെഡ് ഒരുക്കിയിട്ടുണ്ടെന്ന് കയർഫെഡ് അറിയിച്ചു.





*വടവന്നൂരിൽ കയർഫെഡ് ഡീഫൈബറിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർവഹിക്കുന്നു. കെ.ബാബു എം.എൽ.എ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർഫെഡ് എക്സിക്യൂട്ടീവ് ഡയറക്ടർ വി.എസ്. മണി, കയർ മെഷിനറി കമ്പനി മാനേജിംഗ് ഡയറക്ടർ പി.വി. ശശീന്ദ്രൻ തുടങ്ങിയവർ സമീപം.*





# വടവന്നൂരിൽ ഡീഫൈബറിംഗ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു

**ക**യർഫെഡിന്റെ രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി വടവന്നൂരിൽ ആരംഭിച്ച ഡീഫൈബറിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് നിർവഹിച്ചു. കെ. ബാബു എം.എൽ.എ അധ്യക്ഷനായി. കൂത്തമ്പാക്കിലുള്ള ചകിരിമിൽ അങ്കണത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ മുഖ്യപ്രഭാഷണം നടത്തി.

കയർഫെഡ് എക്സിക്യൂട്ടീവ് ഡയറക്ടർ വി.എസ്. മണി, ഡയറക്ടർ എ. പ്രേമൻ, ജില്ലാപഞ്ചായത്തംഗം ശാലിനി കറുപ്പേഷ്, ബ്ലോക്ക് വൈസ് പ്രസിഡന്റ് എ. മുംതാജ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. സക്കീർ ഹുസൈൻ, ഗ്രാമപഞ്ചായത്തംഗം കെ.ബി. മഹേഷ്, പി.വി. ശശീന്ദ്രൻ, ബി. ശശീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.



# വികസനവഴിയിൽ പുതുചരിത്രം രചിച്ച് കയർഫെഡ്

ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ കയർഫെഡ് ചരിത്രനേട്ടമാണ് കൈവരിച്ചത്. പ്രാഥമിക സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറും കയർ ഉത്പന്നങ്ങളും സംഭരിച്ച് വിപണനം ചെയ്യുക എന്നതാണ് കയർഫെഡിന്റെ പ്രാഥമിക ലക്ഷ്യം. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതികൂല സാഹചര്യത്തിൽപോലും കയർഫെഡ് പ്രവർത്തനത്തിൽ വലിയ പുരോഗതി കൈവരിച്ചതായി കാണാൻ കഴിയും. കയർ സംഭരണത്തിലും വിപണനത്തിലും കഴിഞ്ഞ സർക്കാരിന്റെ കാലത്തേ അപേക്ഷിച്ച് വലിയ കുതിച്ചുച്ചാട്ടം തന്നെ കൈവരിക്കുകയുണ്ടായി.

കയർ സംഭരണം ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ 77,000 ക്വിന്റലിൽ ആയിരുന്നതിൽ നിന്നും മൂന്ന് ലക്ഷം ക്വിന്റൽ എന്ന ലക്ഷ്യത്തിലേക്ക് അടുക്കുകയാണ്. കയർ സംഭരണത്തിന് അനുസരിച്ച് വിപണനത്തിലും റെക്കാർഡ് നേട്ടമാണ് ഉണ്ടായത്. സംഭരണം വർദ്ധിക്കുന്നതനുസരിച്ച് വിൽപന തടസമില്ലാതെ നടക്കുവാൻ ഒരു പ്രധാന കാരണം കയർ ഭൂവസ്ത്രത്തിന്റെ വിപണനമാണ്. മന്ത്രി ഡോ. ടി.എം. തോമസ് ഐസക് മുൻകൈയെടുത്ത് 2017 ലെ കയർ കേരളയിൽ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം വ്യപകമായി ഉപയോഗിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വെച്ച കയർ ഭൂവസ്ത്ര വ്യാപന പദ്ധതി കയറിന്റെ വിപണനം വർദ്ധിപ്പിക്കുവാൻ ഏറെ സഹായകരമായി.



2019 ലെ കയർ കേരളയിലും ഇക്കഴിഞ്ഞ കയർ കേരളയിലും കയർ ഭൂവസ്ത്രവ്യാപന പദ്ധതി ഇത്തരത്തിൽ വ്യാപകമായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി കയർ മേഖലയിൽ കയർ പിരി, കയർ ഉത്പന്ന നിർമ്മാണ മേഖല എന്നിവയിലും ഗ്രാമീണ മേഖലയിലും വൻതോതിൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയാണ് കയർ മേഖലയിൽ വലിയ മുന്നേറ്റത്തിന് കാരണമായത്. ചകിരി ഉത്പാദനവും കയർ പിരിയുടെ ഉത്പാദനവും വിപണനവും വർദ്ധിക്കുവാനും രണ്ടാം കയർ പുനഃസംഘടനാ പദ്ധതി സഹായിച്ചു.

കൂടാതെ കയർഫെഡിന്റെ ഉത്പാദന യൂണിറ്റുകളും ഇക്കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മികച്ച പ്രവർത്തന





നേട്ടം കൈവരിക്കുകയുണ്ടായി. സഹകരണ-പൊതുമേഖലയിലെ ആദ്യത്തെ കയർ മെത്ത നിർമ്മാണ സംരംഭമാണ് കയർഫെഡിന്റെ ആലപ്പുഴയിലെ ആർ.സി.പി യൂണിറ്റ്. അതുപോലെ കയർ ടൈൽ നിർമ്മാണ യൂണിറ്റായ ആർ.ബി യൂണിറ്റ്, കണിച്ചുകുളങ്ങരയിലെ പി.വി.സി ടഫ്റ്റഡ് യൂണിറ്റ്, ചവറ നാച്വുറൽ ഫൈബർ പാർക്ക്, മുനമ്പം കയർ പിത്ത് പ്രോസസിംഗ് യൂണിറ്റ്, അഞ്ച് ചകിരി മില്ലുകൾ, തുമ്പൂർ കെർലിംഗ് യൂണിറ്റ്, കരപ്പുറം പിത്ത് ബ്രിക്കറ്റ് യൂണിറ്റ് എന്നിവയാണ് കയർഫെഡിന്റെ ഉത്പാദന യൂണിറ്റുകൾ.

കയർഫെഡിന്റെ ആലപ്പുഴ ഹെഡ് ഓഫീസ്, കൊച്ചി, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ നാല് റീജിയണൽ ഓഫീസ് കേന്ദ്രീകരിച്ചാണ് പ്രധാനമായും കയർ സംഭരണവും വിപണനവും നടക്കുന്നത്. കൂടാതെ കയർ പ്രോഡക്ടുകളുടെ വിപണനത്തിനായി ആലപ്പുഴ സെൻട്രൽ സ്റ്റോറും പ്രവർത്തിക്കുന്നു. ഇന്ത്യയിലെ പ്രധാന നഗര കേന്ദ്രങ്ങളിൽ ഉൾപ്പെടെ കയർഫെഡിന് കേരളത്തിനകത്തും, പുറത്തുമായി 50 ഓളം വരുന്ന സ്വന്തം ഷോറൂമുകളും പ്രവർത്തിക്കുന്നു. ഈ ഷോറൂമുകൾ വഴി കയർഫെഡിന്റെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നു.

കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് ചകിരി വിതരണം ചെയ്യുന്നതിന് സർക്കാർ നിയോഗിച്ചിരിക്കുന്നത് കയർഫെഡിനെയാണ്. ഇതിനായി കയർഫെഡിന്റെ ഫൈബർ സെൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കേരളത്തിനകത്തും പുറത്തുനിന്നും ഗുണമേൻമയുള്ള ചകിരി വാങ്ങി കയർഫെഡ് സംഘങ്ങൾക്ക് നൽകി വരുന്നതുമൂലം കയർ ഉത്പാദനം കൃത്യമായി നടക്കുന്നു.

കയർ ഭൂവസ്ത്ര വിപണന പദ്ധതി ഡോ. ടി.എം. തോമസ് ഐസക്കിന്റെ ഭാവനയിൽ ഉരുത്തിരിഞ്ഞ ഏറ്റവും ഫലപ്രദമായ കയർ മൂല്യവർദ്ധിത വിപണന പദ്ധതിയാണ്. 100 കോടിയിലേറെ രൂപയ്ക്ക് കയർ ഭൂവസ്ത്രമാണ് ഓരോ വർഷവും തൊഴിൽ ഉറപ്പ് പദ്ധതിയിൽപ്പെടുത്തി പഞ്ചായത്തുകളിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നത്.






ഇതിനായി തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം വിപണനം ചെയ്യുന്നതിനുള്ള ചുമതല സർക്കാർ കയർഫെഡിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

കയർഫെഡ് ഈ ജില്ലകളിലെ പഞ്ചായത്തുകളിൽ ഫീൽഡ് കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചുക്കൊണ്ട് ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. കയർ ജിയോ ടെക്സ്റ്റൈയിൽസ് വ്യാപന പദ്ധതിയെക്കുറിച്ച് തദ്ദേശ സ്വയംഭരണസ്ഥാപന ഉദ്യോഗസ്ഥർക്കും മറ്റും ആവശ്യമായ അറിവ് നൽകുന്നതിനായി ആലപ്പുഴയിൽ ഒരു ജിയോ ടെക്സ്റ്റയിൽസ് സ്കൂളും കയർഫെഡിന്റെയും എൻ.സി.ആർ.എം.ഐയുടെയും സംയുക്ത നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കയർഫെഡിന്റെ വിറ്റുവരവ് 58.85 കോടി രൂപയായിരുന്നു. നടപ്പുവർഷം അത് 200 കോടി രൂപയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1995 ൽ കയർഫെഡിലെ നിയമനം കേരള പബ്ലിക്ക് സർവ്വീസ്കമ്മീഷന് വിട്ടുവെങ്കിലും നിയമന ചട്ടം അംഗീകരിക്കാതിരുന്നതിനാൽ കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ വഴി നിയമനം നീണ്ടുപോയി. എന്നാൽ ഈ സർക്കാരിന്റെ കാലത്ത് നിയമനചട്ടം അംഗീകരിച്ച് ഒഴിവുകൾ കേരള പബ്ലിക്ക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ചില തസ്തികകളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിയുന്ന പുരോഗതി ഉണ്ടായിട്ടുണ്ട്. ഇങ്ങനെ നിയമനം കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ വഴി നടത്തുന്നതിനുള്ള നടപടിയും കയർഫെഡിൽ പൂർത്തിയായി.

കയർഫെഡിന് ഇന്ന് ധനകാര്യ സ്ഥാപനങ്ങളിൽ ഒന്നിലും യാതൊരു കട ബാധ്യതയുമില്ലാതെ സ്വന്തം കാലിൽ നിൽക്കാവുന്ന അവസ്ഥയിൽ ആയിട്ടുണ്ട്. ഇങ്ങനെ കയർഫെഡിൽ സമാനതകളില്ലാതെ പുരോഗതിയാണ് ഈ കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് കൈവരിക്കുവാൻ കഴിഞ്ഞത്. മുഖ്യമന്ത്രി പിണറായി വിജയന്റെ ഉറച്ച പിൻതുണയിൽ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ അകമഴിഞ്ഞ പിൻതുണയും സഹായസഹകരണങ്ങളും കൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായതെന്നും അതിന് ഈ സർക്കാരിനോടും മന്ത്രി ഡോ.ടി.എം.തോമസ് ഐസക്കിനും നന്ദി പ്രകാശിപ്പിക്കുന്നതായും കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ പറഞ്ഞു.

## കയർഫെഡ് പുരോഗതി താരതമ്യം

| നം | ഇനവിവരം | 2011-12 To 2015-16<br>5 വർഷം | 2016-17 To 2020-21<br>5 വർഷം | വർദ്ധനവ്<br>ശതമാനം |
|---|---|---|---|---|
| 1 | കയർ സംഭരണം (ക്വി) | 3,41,570 | 7,66,844 | 124.50 |
| 2 | കയർ വിപണനം(ക്വി) | 3,20,307 | 7,65,239 | 138.91 |
| 3 | ചകിരി വിപണനം (രൂപ) | 20,95,17,807 | 58,83,23,977 | 180.80 |
| 4 | കയർ ഭൂവവസ്ത്രം വിപണനം (രൂപ) | 6,81,97,050 | 13,84,52,649 | 103.00 |
| 5 | കേൾഡ് റോപ്പ് ഉൽപ്പാദനം (കി.) | 15,060 | 3.76,831 | 2402.19 |
| 6 | കയർ പിത്ത് ഉൽപ്പാദനം (കി.ഗ്രാം) | 17,79,200 | 31,81,206 | 78.80 |
| 7 | ചകിരി ഉൽപ്പാദനം (കി.ഗ്രാം) | 8,89,600 | 15,08.678 | 69.59 |
| 8 | പി.വി.സി. ഉൽപ്പന്നം(രൂപ) | 7,84,56,471 | 15,91,33,696 | 102.83 |
| 9 | ആർ.സി.പി.ഉൽപ്പന്നം (രൂപ) | 33,17,79,758 | 25,61,18,738 | (–)22.80 |
| 10 | ആർ.ബി. ഉൽപ്പാദനം (നം) | 2,21,067 | 1,65,789 | (–) 25.00 |
| 11 | വിറ്റു വരവ് (ലക്ഷം രൂപ) | 27003.95 | 59185.61 | 119.17 |
| 12 | ഷോറൂം വിൽപ്പന (രൂപ) | 793816991 | 821911020 | 3.60 |

# കയർഫെഡിന്റെ 28-ാമത് വാർഷിക പൊതുയോഗം ആലപ്പുഴയിൽ നടന്നു




*കയർഫെഡിന്റെ 28-ാമത് വാർഷിക പൊതുയോഗത്തിൽ പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ സംസാരിക്കുന്നു. വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം, എക്സി. അംഗങ്ങളായ എസ്.എൽ. സജികുമാർ, വി.എസ്. മണി, എം.പ ുഷ്ക്കരൻ, പ്രമീള രമണൻ ബോർഡ് അംഗങ്ങൾ എന്നിവർ സമീപം.*

# കയർഫെഡ് വിറ്റുവരവ് 200 കോടിയിലേക്ക് : അഡ്വ. എൻ. സായികുമാർ

**ക**യർഫെഡിന്റെ ഈ വർഷത്തെ വിറ്റുവരവ് 200 കോടിയിലേക്ക് കടക്കുകയാണെന്ന് കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ പറഞ്ഞു. ആലപ്പുഴയിൽ ചേർന്ന കയർഫെഡിന്റെ 28-ാമത് വാർഷിക പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കയർഫെഡിനെയും ഇതര കയർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും കയർ സംഘങ്ങളെയും സർക്കാർ അകമഴിഞ്ഞ് സഹായിച്ച ഒരു കാലഘട്ടമാണിത്. രണ്ടാം കയർ പുനഃസംഘടനാ പദ്ധതി പ്രഖ്യാപിക്കുന്നത് 2017ലെ കയർ കേരളയിൽ വെച്ചാണ്. പദ്ധതി പ്രഖ്യാപിക്കപ്പെട്ടതിനുശേഷം മൂന്നര വർഷമാകുമ്പോൾ തന്നെ പുനഃസംഘടനാപദ്ധതി വിജയകരമായി പൂർണതയിലേക്ക് എത്തിയിരിക്കുന്നു എന്നുള്ളത് അഭിമാനകരമാണ്. രണ്ടാം പുനഃസംഘടനാപദ്ധതിയുടെ നട്ടെല്ലായി പ്രവർത്തിക്കുന്നത് കയർഫെഡാണ്. എല്ലാ പരിമിതികളെയും മുറിച്ചുകടന്നുകൊണ്ടും ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ചും കയർഫെഡിൽ അർപ്പിതമായ ഉത്തരവാദിത്വം നിർവഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കയർഫഡ് അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘങ്ങൾക്കും മാർക്കറ്റിംഗ് ഡവലപ്പ്മെന്റ് അസിസ്റ്റൻഡ് ഒരു രൂപ പോലും കുടിശികയില്ലാതെ സർക്കാർ നൽകിയിട്ടുണ്ട്. പി.എം.ഐ, കയർപിരി സംഘങ്ങൾക്ക് കുടിശികയില്ലാതെ നൽകി. വരുമാനപൂരക പദ്ധതിപ്രകാരമുള്ള തുക നൽകുന്നതിനായി ഈ സർക്കാർ ഒരോ വർഷവും 20 കോടിയോളം രൂപ മാറ്റിവെയ്ക്കുന്നുണ്ട്. ഇക്കൊല്ലം 25 കോടിയും അനുവദിച്ചു. പരമ്പരാഗത തൊഴിൽ മേഖലയിലുള്ളവർക്ക് ലഭിക്കുന്ന വിവിധ സഹായം സർക്കാരിന്റെ ഈ മേഖലയോടുള്ള കരുതലിന്റെ ഭാഗമാണ്. സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി കുടിശികയില്ല. ദീർഘകാലാവശ്യമായിരുന്ന സഹകരണ സംഘം ജീവനക്കാരുടെ പെൻഷൻ മുടക്കം കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനായി സർക്കാർ 8 കോടി രൂപയാണ് അനുവദിച്ചു നൽകിയത്. സംഘങ്ങളുടെ കടബാധ്യത ഒഴിവാക്കുന്നതിന് കയർ കടാശ്വാസ പദ്ധതി സർക്കാർ നടപ്പിലാക്കി. ഇതിനായി സർക്കാർ 25 കോടി രൂപ അനുവദിച്ചു. കയർ മേഖലയിലെ തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുവാൻ വേണ്ടി 13.66 കോടിയിൽപ്പരം രൂപയും അനുവദിച്ചു.

പ്രൈസ് ഫ്ളച്ചുവേഷൻ ഫണ്ട് ഇനത്തിലുള്ള സഹായം കൃത്യമായി ലഭിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. മാർക്കറ്റ് വ്യതിയാനം അനുസരിച്ച് വില കുറച്ചു നൽകേണ്ടി വരുമ്പോൾ ആ വ്യത്യാസമാണ് സർക്കാർ അനുവദിച്ചുതരുന്നത്. ഇതുകൊണ്ടാണ് കയർ വിപണനം സാധ്യമാകുന്നത്. ഇപ്പോഴും 15% വില ക്കുറച്ചാണ് കയർ വിറ്റഴിക്കുന്നത്. കഴിഞ്ഞ വർഷത്തെ സംഭരിച്ച രണ്ട് ലക്ഷം കയർ വിൽപന നടത്തിയതിന്റെ വില വ്യതിയാനം പൂർണമായും സർക്കാർ കയർഫെഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. അടുത്ത വർഷത്തേയ്ക്കുള്ള ഫണ്ടും 10 കോടി രൂപ കയർഫെഡിന്

പ്രൈസ് ഫ്ളച്ചുവേഷൻ ഫണ്ടായി മുൻകൂറായി സർക്കാർ അനുവദിച്ചു നൽകിയിരിക്കുകയാണ്. കയർ കോർപ്പറേഷന് 20 കോടിരൂപയും അനുവദിച്ചിട്ടുണ്ട്. ഇത് കയർമേഖലയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച അഭിമാനകരമായ നേട്ടമാണെന്നു അദ്ധ്യക്ഷൻ ചൂണ്ടിക്കാണിച്ചു. സംഘങ്ങൾക്ക് കുടിശികയില്ലാതെ കയർ വില നൽകുവാൻ കഴിയുന്ന തരത്തിൽ കയർഫെഡിനെ എത്തിക്കുന്നതിൽ സർക്കാരും വകുപ്പ്മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കും നൽകിയ പിൻതുണയും സഹായവും നന്ദിപൂർവം സ്മരിക്കുന്നതായും അദ്ദേഹം പറഞ്ഞു. കയർ കോർപ്പറേഷന് സർക്കാർ നൽകിയ തുക ചെറുകിട സംഘങ്ങൾക്കും സഹായകരമാണെന്നും അദ്ദേഹം പറഞ്ഞു.

സർക്കാരിന്റെ ഈ വിധത്തിലുള്ള സഹായത്തിന്റെ പശ്ചാത്തലത്തിലാണ് സംഘർഷ രഹിതമായി രണ്ടാം കയർ പുനഃസംഘടനാപദ്ധതി വിജയത്തിലേക്ക് എത്തുന്നത്. പരമ്പരാഗത കയർ തൊഴിൽ മേഖലയെ പൂർണമായും സംരക്ഷിച്ചുകൊണ്ടാണ് കയർ മേഖലയിൽ ആധുനികവത്കരണവും യന്ത്രവത്കരണവും നടപ്പിലാക്കുന്നത്. ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡും സംഭരിക്കുകയും സർക്കാർ സഹായത്തോടുകൂടി കയർ വില പൂർണമായും നൽകുകയും ചെയ്യുന്നു. ഇതുകാരണമാണ് കയർ മേഖലയിൽ കയർ ഉത്പാദനം 70000 ക്വിന്റലിൽ നിന്നും 2 ലക്ഷത്തിലേക്കും 3 ലക്ഷം ക്വിന്റലിലേക്കും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞത്. 2 ലക്ഷം ക്വിന്റൽ വീതം പരമ്പരാഗത രീതിയിലും യന്ത്രവത്കരണത്തിലൂടെയും കയർ ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞാൽ ആകെ 4 ലക്ഷം ക്വിന്റൽ കയർ ഉത്പാദിപ്പിക്കുവാൻ കഴിയുന്ന നിലയിലേക്ക് കേരളം വളരുകയാണെന്നും അതുവഴി കയർ മേഖല അതിന്റെ പഴയ പ്രൗഢിയിലേക്ക് തിരിച്ചുവരികയാണെന്നും പ്രസിഡന്റ് പറഞ്ഞു.

വാർഷിക യോഗത്തിൽ കയർഫെഡ് ജനറൽ മാനേജർ ബി.സുനിൽ സ്വാഗതം പറഞ്ഞു. കയർഫെഡ് മുൻ പ്രസിഡന്റും എക്സ്ക്യൂട്ടീവ് അംഗവുമായ എസ്.എൽ. സജികുമാർ അനുശോചന പ്രമേയം അവതരിപ്പിച്ചു. കോവിഡ് മഹാമാരിമൂലം മരണമടഞ്ഞവർ, ഇടുക്കി രാജമലയിൽ ഉണ്ടായ പ്രകൃതി ദുരന്തത്തിൽ മരണമടഞ്ഞവർ, ഇൻഡ്യയുടെ 13-ാമത് രാഷ്ട്രപതി പ്രണവ് കുമാർ മുഖർജി, സാമൂഹ്യപ്രവർത്തകൻ സ്വാമി അഗ്നിവേശ്, പ്രമുഖ സോഷ്യലിസ്റ്റും പാർലമെന്റ് അംഗവും മാതൃഭൂമി മാനേജിംഗ് ഡയറക്ടറുമായിരുന്ന എം.പി. വീരേന്ദ്രകുമാർ, പ്രസിദ്ധ സംഗീതജ്ഞൻ എസ്.പി. ബാലസുബ്രഹ്മണ്യം, മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി, കവയിത്രി സുഗതകുമാരി ടീച്ചർ, പ്രമുഖ കഥാകൃത്ത് യു.എ. ഖാദർ, ചങ്ങനാശേരി എം.എൽ.എ സി.എഫ്. തോമസ്, കുട്ടനാട് എം.എൽ.എ തോമസ് ചാണ്ടി, ചവറ എം.എൽ.എ എൻ. വിജയൻ പിള്ള, കോങ്ങാട് എം.എൽ.എ കെ.വി. വിജയദാസ്, മുൻ മന്ത്രി കെ.എം. മാണി, മുൻ മന്ത്രി കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, കയർഫെഡ് മുൻ പ്രസിഡന്റ് അബ്ദുൾ ഗഫൂർ ഹാജി, അഴൂർ മുട്ടപ്പലം കയർ സംഘത്തിൽ സ്പിന്നിംഗ് മെഷീൻ അപകടത്തിൽ മരണമടഞ്ഞ എസ്. രാജി, കയർ മേഖലയിലെ സഹകാരികളായ വൈക്കം അംബേദ്ക്കർ മെമ്മോറിയൽ കയർ സംഘം പ്രസിഡന്റായിരുന്ന കെ.കെ. കുട്ടപ്പൻ, വളവനാട് ചെറുകിട കയർ വ്യവസായ സംഘം പ്രസിഡന്റ് ഡി.എം. ബാബു, കായംകുളം 406 സംഘത്തിലെ പ്രസിഡന്റ് രാജു, പുതിയവിള 153 ലെ ദേവദാസ്, ചേർത്തല വടക്കുംമുറി സംഘത്തിലെ ദയാനന്ദൻ, കോഴിക്കോട് പെരുമുഖം സംഘത്തിലെ മലയിൽ ബാലകൃഷ്ണൻ, കയർ തൊഴിലാളി ക്ഷേമനിധി മുൻ ബോർഡ് അംഗവും, പ്രമുഖ കയർ തൊഴിലാളി നേതാവുമായിരുന്ന എം. ആർ. രവി, കയർ തൊഴിലാളി നേതാവായിരുന്ന ബീഗം നബീസ, കഠിനംകുളം കയർ സംഘം ലിമിറ്റഡ് നം. 215ന്റെ പ്രസിഡന്റായിരുന്ന ഡോ. ന്യൂമാൻ, കഠിനംകുളം കയർ സംഘം ലിമിറ്റഡ് നം. 294ന്റെ പ്രസിഡന്റായിരുന്ന ചാന്നാംങ്കര ഇ. ഹുസൈൻ, കയർഫെഡ് ജീവനക്കാരനായ പി.കെ.രാജു തുടങ്ങി റിപ്പോർട്ട് കാലയളവിൽ അന്തരിച്ചവർക്ക് യോഗം ആദരാഞ്ജലി അർപ്പിച്ചു

കയർഫെഡിന്റെ 2018-19, 2019-20 വർഷത്തെ റിപ്പോർട്ടും കണക്കും, ബഡ്ജറ്റ് മുതലായ വിഷയങ്ങളും യോഗം ചർച്ച ചെയ്തു അംഗീകരിച്ചു.

യോഗത്തിൽ വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം, വി.എസ്. മണി തുടങ്ങിയവർ സംസാരിച്ചു. യോഗത്തിൽ കയർഫെഡ് എക്സി അംഗങ്ങളായ എസ്. എൽ. സജികുമാർ, എം. പുഷ്ക്കരൻ, പ്രമീള രമണൻ, ബോർഡ് അംഗങ്ങളായ ആർ. അജിത് കുമാർ, റ്റി.എ. മോഹനൻ, വി.എൻ. ഉണ്ണികൃഷ്ണൻ, എ. പ്രേമൻ, മങ്ങംതറ ദേവൻ, എം. അമ്മിണി, രമ മദനൻ, ബി. സാബു, എസ്. ശശിവർണൻ, കെ.എ. മുഹമ്മദ് എന്നിവരും സംഘം പ്രതിനിധികളും കയർഫെഡ് ഉദ്യോഗസ്ഥരും യോഗത്തിൽ സംബന്ധിച്ചു.






*കയർ കേരള 2021നോടനബന്ധിച്ച് നടന്ന തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണത്തിന് കയർ ഭൂവസ്ത്രം എന്ന സെമിനാർ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു.*

# തൊഴിലുറപ്പ് പദ്ധതിയും കയർ ഭൂവസ്ത്രവും

**കോ**വിഡിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് നടന്ന ഓൺലൈൻ ബിസിനസ് മീറ്റുകളിൽ ഏറ്റവും വിജയകരമായി നടന്നത് 2021ലെ കയർ കേരളയിൽ കഴിഞ്ഞ വർഷത്തെ 399 കോടിയുടെ സ്ഥാനത്ത് 616 കോടിയുടെ ബിസിനസാണ് നടന്നത്. പങ്കാളിത്തം വെച്ചു നോക്കിയാൽ പരമ്പരാഗത മേളയെക്കാൾ പങ്കാളിത്തം വെർചൽ മേളയിൽ ഉണ്ടായി എന്ന് കാണാം. ഇത്തവണ ഓൺലൈൻ സ്റ്റാളുകൾ സന്ദർശിച്ചവരുടെ എണ്ണം 11471 ആണ്. ഇതിൽ 1267 പേർ വിദേശ വ്യാപാരികളാണ്. 200 പേരാണ് സാധാരണ കയർ കേരളയിലെ സ്റ്റാളുകളിലെത്തുന്ന വിദേശ വ്യാപാരികളുടെ എണ്ണം. ഓൺലൈനായി സ്റ്റാളുകൾ സന്ദർശിച്ച ആഭ്യന്തര വ്യാപാരികളുടെ എണ്ണം 10,204 ആണ്. പങ്കാളിത്തത്തിലുണ്ടായ ഈ കുതിച്ചുകയറ്റം ബിസിനസിലും പ്രതിഫലിച്ചു എന്നു കാണാം. കയർ കേരള ആറാം ദിനത്തിൽ കയർഭൂവസ്ത്രവുമായി ബന്ധപ്പെട്ടു നടന്ന സെമിനാറും ധാരണാപത്ര കൈമാറ്റവുമാണ് ഇതിൽ ഏറ്റവും പ്രധാനം. ഇതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണത്തിന് കയർ ഭൂവസ്ത്രം എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി നടന്ന സെമിനാറിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ മന്ത്രി എ.സി. മൊയ്തീൻ നിർവഹിച്ചു. നമ്മുടെ തോടും കുളങ്ങളും നദീതീരങ്ങളുമെല്ലാം നവീകരിക്കുന്നതിലൂടെ പരിസ്ഥിതിയെ സംരക്ഷിക്കാനും അതിലുടെ ഭൂമിയുടേയും ജനങ്ങളുടേയും ആരോഗ്യം സംരക്ഷിക്കാനും കയർ ഭുസ്ത്രത്തിലൂടെ കഴിയുന്നെണ്ടന്ന് അദ്ദേഹംചൂണ്ടിക്കാട്ടി. മറുവശത്ത് ചകിരി ഉത്പാദിപ്പിക്കുന്ന, കയർപിരിക്കുന്ന, കയർ ഭൂവസ്ത്രം നിർമ്മിക്കുന്ന, ഭൂവസ്ത്രം കേരളമാകെ വിന്യസിക്കുന്ന ലക്ഷോപലക്ഷം വരുന്ന തൊഴിലാളികളുടെ നീണ്ട ശൃംഖലയുടെ തൊഴിൽ സംരക്ഷിക്കാനും ഇതിലൂടെ

## കയർ ഭൂവസ്ത്രം കേരളത്തിൽ

**ഇ**ന്ന് കയർഭൂവസ്ത്രമെന്ന് വിളിക്കുന്ന കയർ വലപ്പായ കയർതൊഴിലാളികൾ പരമ്പരാഗതമായിതന്നെ നെയ്തുവന്നിരുന്നവയാണ്. ഇന്നുള്ള പ്രശസ്തിയും വിപണിയും അന്നുണ്ടായിരുന്നില്ലെന്ന് മാത്രം. 1996–ലെ ഇ.കെ.നായനാർ മന്ത്രിസഭയിൽ കയർ വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന മന്ത്രി സുശീലാഗോപാലൻ കയർ ഭൂവസ്ത്രത്തിന് ഏറെ പ്രാധാന്യം നൽകിയിരുന്നു. കയർ ഭൂവസ്ത്രത്തിന് പ്രത്യേക സെൽ രൂപീകരിച്ചത് സുശീലാ ഗോപാലന്റെ കാലത്തായിരുന്നു. ആനത്തലവട്ടം ആനന്ദൻ പ്രസിഡന്റായിരിക്കെ കയർഫെഡ് ഹെഡ്ഓഫീസിന് മുൻവശത്തുള്ള കനാൽ കരയിൽ കയർഫെഡ് ചെയ്ത മാതൃകാ പദ്ധതിയാണ് മണ്ണ് ജല സംരക്ഷണ രംഗത്ത് കയർഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള ആദ്യ പദ്ധതി. കഴിഞ്ഞ വി.എസ്.സർക്കാരിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്ര പദ്ധതികൾ നടപ്പിലാക്കുന്നതിന് നാന്ദി കുറിച്ചത് മുതുകുളം ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് കയർഫെഡ് നടപ്പിലാക്കിയ ഒരു മാതൃകാ പ്രൊജക്റ്റോടു കൂടിയാണ്.



കഴിയുന്നുവെന്നും അദ്ദേഹം പറഞ്ഞു. 2018-19ൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ 100 കോടിയുടെ കയർ ഭൂവസ്ത്രം കേരളമാകെ വിന്യസിച്ചെന്നും അദ്ദേഹം പറഞ്ഞു.

ഒരുകാലത്ത് കൃഷികഴിഞ്ഞാൽ ഏറ്റവും വലിയ വ്യവസായമായിരുന്ന കയർ വ്യവസായത്തിന്റെ പഴയ പ്രൗഢി തിരച്ചുപിടിക്കാൻ കയർ ഭൂവസ്ത്രത്തിന്റെ വിപണനത്തിലൂടെ സാധിക്കുമെന്ന് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. 7,000 ടണ്ണിൽ നിന്ന് കയറുത്പാദനം ഇന്ന് 30,000 ടണ്ണിലേക്ക് ഉയർന്നു. കോവിഡിന്റെ കാലത്തുപോലും നാലുമടങ്ങ് അധികമാണ് വർദ്ധന. 50,000 ടണ്ണായി അടുത്തവർഷം ഇതുയരും. പരമാവധി 10-15 ടൺ മാത്രമേ, പരമ്പരാഗത ഉത്പന്നങ്ങളായും യന്ത്രവത്കൃത ഉത്പന്നങ്ങളായും വിറ്റഴിക്കാൻ കഴിയൂവെന്നും ബാക്കിയുള്ളവ കയർ ഭൂവസ്ത്രമായി മാറ്റുമെന്നും അദ്ദേഹം പറഞ്ഞു. ഈ ഉയർന്ന ഉത്പാദനത്തിന് അനുസൃതമായ വിപണി കണ്ടെത്താനുള്ള തീവ്രശ്രമങ്ങൾ നടന്നുവരികയാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ നദീതീരങ്ങളും മലഞ്ചെരിവുകളും സംരക്ഷിക്കാൻ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനും രാജ്യത്തെ ഖനികളിലും റോഡുകളിലും ഭൂവസ്ത്രത്തിന്റെ സാന്നിദ്ധ്യം എത്തിക്കാനുമുള്ള തീവ്രമായ ശ്രമങ്ങൾ വിജയത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ കമ്പോളങ്ങൾ കൈപ്പിടിയിൽ ഒതുക്കാൻ അൽപകാലം കൂടി നാം കാത്തിരിക്കേണ്ടിവരും. ഈ ഘട്ടത്തിലാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള തൊഴിലുറപ്പ് പദ്ധതിയിൽ കയർഭൂവസ്ത്രം ഉപയോഗിക്കാനുള്ള തീരുമാനമെടുത്തത്. മണ്ണൊലിപ്പ് തടയാനും തോട് ശുചീകരണത്തിനും ഇന്ന് കേരളമാകെ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. ഇതിനുപിന്നിൽ കയർവികസന വകുപ്പ്, കയറുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ, പ്രോജക്ട് ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ വൻതോതിലുള്ള പരിശ്രമമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2017 മുതൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കയർവികസന വകുപ്പുമായി സഹകരിച്ച് കയർ ഭൂവസ്ത്ര വ്യാപനം നടത്തിവരുന്നുണ്ട്. വീഴ്ചയിൽ നിന്ന് കയർമേഖലയെ വീണ്ടെടുക്കാൻ ആവിഷ്കരിച്ച രണ്ടാം കയർ പുനഃസംഘടനാപദ്ധതിയുടെ ഭാഗമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കയർഭൂവസ്ത്ര വ്യാപനം നടത്തിവരുന്നത്. ആ നിലയ്ക്ക് രണ്ടാം കയർ പുനഃസംഘനാ പദ്ധതിയുടെയും അതിന്റെ ഭാഗമായ ഭൂവസ്ത്രവിപണനത്തിന്റെയും വിജയപ്രഖ്യാപനം കൂടിയാണ് 2021ലെ കയർമേള.

## ഭൂവസ്ത്രത്തിന്റെ ലോകവിപണി

ഒരിഞ്ച് മേൽ മണ്ണ് ഉണ്ടാകാൻ ശരാശരി ഇരുനൂറുമുതൽ ആയിരം വർഷമെടുക്കും. എന്നാൽ ഇത് മണ്ണൊലിപ്പിൽ നഷ്ടപ്പെടാൻ ഏതാനും വർഷങ്ങൾ മതിയാകും. കണക്കുകൾ സൂചിപ്പിക്കുന്നത്, പ്രതിവർഷം ലോകമാകെ 26 ബില്യൺ (2600 കോടി) ടൺ മേൽ മണ്ണ് ഒലിച്ചുപോകുന്നു എന്നാണ്. ഇവിടെയാണ് 'ഭൂവസ്ത്രത്തിന്റെ' പ്രാധാന്യം.

'ജിയോ ടെക്സ്റ്റൈൽ' അഥവാ 'ഭൂവസ്ത്രങ്ങൾ' ലോകത്തിന്റെ പല ഭാഗങ്ങളിലും മണ്ണ് സംരക്ഷണത്തിനായിഉപയോഗിച്ചുവരുന്നു. ഫിൽട്ടർഫേബ്രിക്, സിൽറ്റ്ഫെൻസ് തുടങ്ങിയ പേരുകളിൽ 1950 കളിലാണ് മണ്ണൊലിപ്പ് തടയുന്നതിനായി കടൽ/നദീ തീരങ്ങളിൽ ഇവ ഉപയോഗിച്ച് തുടങ്ങിയത്.

അമേരിക്കയിലെ ഫ്ളോറിഡയിലാണ് സിന്തെറ്റിക് ഭൂവസ്ത്രമുപയോഗിച്ച് ആദ്യ പരീക്ഷണങ്ങൾ നടത്തിയത്. തുടർന്ന് യൂറോപ്പിൽ ആകമാനം ഈ സാങ്കേതികവിദ്യ വ്യാപിച്ചു. ലോകത്താകെ പ്രതിവർഷം 1400 മില്യൺ (140 കോടി) ചതുരശ്ര മീറ്റർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. മൊത്തം ഉത്പാദനത്തിന്റെ 80% യൂറോപ്പിലും അമേരിക്കയിലുമാണ് ഉപയോഗിക്കുന്നത്. കൃത്രിമവസ്തുക്കളിൽ നിന്ന് പ്രകൃതിദത്ത വസ്തുക്കളിലേക്ക് മാറാനുള്ള ലോകത്തിന്റെ ത്വര കയർഭൂവസ്ത്രത്തിന്റെ വിപണിക്ക് അനുകൂലമാണ്.

# ഉറവിട മാലിന്യ പരിപാലനവും കയർ പിത്തും



**അനൂപ് റോയ്. ആർ.പി.**
**ക്വാളിറ്റി കൺട്രോൾ ഓഫീസർ,**
**കയർഫെഡ്**

**മാ**ലിന്യ പരിപാലന രംഗത്ത് കേരളം ലോകത്തിനു മുന്നിൽ പുതിയൊരു മാതൃക തീർക്കുകയാണ്. വികേന്ദ്രീകൃതമായ മാലിന്യ പരിപാലന പദ്ധതികളിലൂടെയാണ് കേരളം ബദൽ തീർക്കുന്നത്. മാലിന്യത്തിന്റെ ഉത്പാദകന് അതിന്റെ പരിപാലനത്തിന്റെ ചുമതല കൂടി നിശ്ചയിച്ചു നൽകിയതിലൂടെ സുസ്ഥിരവും പ്രകൃതി സൗഹൃദവുമായ മാലിന്യ പരിപാലന സംവിധാനങ്ങൾ ഉണ്ടായതോടൊപ്പം തന്നെ വിഭവങ്ങളുടെ യഥാവിധിയായ വിനിയോഗത്തിനും അവസരമൊരുങ്ങി.

ആലപ്പുഴ നഗരസഭയും തിരുവനന്തപുരം കോർപ്പറേഷനും വികേന്ദ്രീകൃത മാലിന്യപരിപാലന രംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ കേരളമാകെ വ്യാപിച്ചു. ജൈവ മാലിന്യ പരിപാലനത്തിനായി വീടുകളിലും കമ്മ്യൂണിറ്റി തലത്തിലും എയ്റോബിക് കമ്പോസ്റ്റിംഗ് മാതൃകകളാണ് വ്യാപകമായി ഉപയോഗിച്ചുവരുന്നത്. ഇത്തരം കമ്പോസ്റ്റിംഗ് ഉപാധികളിൽ കമ്പോസ്റ്റിംഗ് മീഡിയമായി ഉപയോഗിക്കുന്നത് ഇനോക്കുലം എന്നറിയപ്പെടുന്ന ബാക്ടീരിയൽ കോളനിയാണ്. വായുവിന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന കമ്പോസ്റ്റിംഗ് പ്രക്രിയ ആയതിനാൽതന്നെ വായുസഞ്ചാരം ഉറപ്പു വരുത്തേണ്ടതുണ്ട്. എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനത്തിൽ സംസ്കരിക്കുന്നതിനായി നിക്ഷേപിക്കുന്ന ജൈവമാലിന്യത്തിൽ നിന്നുള്ള ജലം കെട്ടി നിന്നാൽ അത് വായുവിന്റെ സഞ്ചാരത്തെ തടസപ്പെടുത്തുകയും വായുവിന്റെ അസാന്നിദ്ധ്യത്തിലുള്ള സംസ്കരണം സംഭവിക്കാനിടയാവുകയും ചെയ്യും. ഇതിലൂടെ കഠിനമായ ദുർഗന്ധമുണ്ടാകും. ഇവിടെയാണ് കയർപിത്തിന്റെ പ്രസക്തി. സ്വന്തംവ്യാപ്തത്തിന്റെ 8 മുതൽ 10 മടങ്ങു വരെ വെള്ളം പിടിച്ചെടുക്കുന്നതിനുള്ള ശേഷി കയർ പിത്തിനുണ്ട്. മേൽപറഞ്ഞ ഇനോക്കുലം കയർ പിത്തിനോടൊപ്പം ചേർത്ത് നിക്ഷേപിച്ചാൽ മാലിന്യത്തിൽ നിന്നുള്ള ജലാംശം വലിച്ചെടുക്കുകയും വായുസഞ്ചാരം ഉറപ്പാക്കുകയും ചെയ്യും. ഇതിലൂടെ യാതൊരു ദുർഗന്ധവും കൂടാതെ ജൈവ മാലിന്യം സംസ്ക്കരിക്കാൻ കഴിയും. ഇത്തരത്തിൽ ജൈവമാലിന്യം സംസ്ക്കരിക്കുന്നതിലൂടെ ഗുണമേന്മയേറിയ കമ്പോസ്റ്റാണ് ലഭ്യമാവുക. ഈ കമ്പോസ്റ്റ് ഉപയോഗിച്ച് വിഷരഹിത ജൈവകൃഷി നടത്തുകയും ചെയ്യാം. അതായത് മാലിന്യം എന്നു പറഞ്ഞ് നാം വലിച്ചെറിയുന്ന ജൈവ വസ്തുക്കളെ കൃത്യമായ ഇടപെടലിലൂടെ ഒരു മൂല്യവർദ്ധിത ഉത്പന്നമാക്കി മാറ്റാം.

### ഉറവിടമാലിന്യപരിപാലനം

മാലിന്യപരിപാലനം ലോക രാജ്യങ്ങളിലാകമാനം ഗൗരവമായ ഒരു വിഷയമായി ചർച്ച ചെയ്യപ്പെടുകയാണ്. കേന്ദ്രീകൃതമായ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ഉയർത്തുന്ന പാരിസ്ഥിതിക വെല്ലുവിളികളെ എങ്ങനെ മറികടക്കാം എന്ന വിഷയം ചർച്ച ചെയ്യുന്നതിനായി അന്താരാഷ്ട്ര ഉച്ചകോടികൾവരെ സംഘടിപ്പിക്കപ്പെട്ടു. ഇവിടെയാണ് കേരളം മുന്നോട്ടുവയ്ക്കുന്ന ബദലിന്റെ പ്രസക്തി. ജൈവ- അജൈവമാലിന്യങ്ങൾ



കൂട്ടിക്കലർത്താതെ, ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുകയുമാണ് ചെയ്യുന്നത്. വളരെ ചെലവു കുറഞ്ഞതും പ്രകൃതി സൗഹൃദവുമായ ഈ മാർഗത്തിലൂടെ ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിച്ച് ഫലഭൂയിഷ്ഠമായ കമ്പോസ്റ്റ് ഉണ്ടാക്കുകയാണ് ചെയ്യുന്നത്. അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി തരം തിരിച്ച് ശേഖരിച്ച് പരമാവധി പുനഃചംക്രമണവും പുനരുപയോഗവും സാദ്ധ്യമാക്കുന്നു. ഉറവിട മാലിന്യ പരിപാലനത്തിനായി നിലവിൽ കേരളത്തിലെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പ്രധാനമായും പ്രയോജനപ്പെടുത്തുന്നത് ബയോകമ്പോസ്റ്റർ ബിന്നുകളാണ്.

## ബയോ കമ്പോസ്റ്റർ ബിൻ

നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനമാണിത്. വായു സഞ്ചാരം ഉറപ്പാക്കുന്ന രീതിയിൽ നിറയെ ചെറിയ സുഷിരങ്ങളുള്ള മൂന്നു ബിന്നുകൾ ചേർന്ന കമ്പോസ്റ്റിംഗ് ഉപകരണമാണ് ബയോ കമ്പോസ്റ്റർ ബിൻ. ഓരോ ബിന്നിനും 21 ലിറ്ററാണ് ശേഷി. അങ്ങനെമൊത്തം 63 ലിറ്റർ. പോളിപ്രൊപ്പിലീന് കോ– പോളിമർ (പി.പി.സി.പി) എന്ന മെറ്റീരിയലിൽ നിർമ്മിച്ചിരിക്കുന്ന ഈ ഉപകരണത്തിന് സംസ്ഥാന സർക്കാർ നോഡൽ ഏജൻസിയായ ശുചിത്വമിഷന് നിശ്ചയിച്ചിട്ടുള്ള വില 1,800 രൂപയാണ്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സബ്സിഡിയോടുകൂടി ഈ ഉപകരണം ലഭ്യമാക്കിവരുന്നു.





## ഇനോക്കുലം

കമ്പോസ്റ്റിംഗ് പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സൂക്ഷ്മാണുക്കളുടെ പ്രത്യേകം തയാറാക്കിയ ഒരു മിശ്രിതമാണ് ഇനോക്കുലം. എൻ.സി.ആർ.എം.ഐ. (നാഷണൽ കയർ റിസർച്ച് & ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) ആണ് ഇനോക്കുലേറ്റഡ് പിത്ത് നിർമ്മിക്കാനാവശ്യമായ ഇനോക്കുലം കയർഫെഡിന് തയാറാക്കി നൽകുന്നത്. ഈ ഇനോക്കുലം ചേർത്ത് കയർഫെഡ് തയാറാക്കുന്ന ഇനോക്കുലേറ്റഡ് കയർ പിത്തിന് കൊക്കോഗ്രീൻ എന്നാണ് പേര് നല്കിയിരിക്കുന്നത്.

## ബയോകമ്പോസ്റ്റർ ബിൻ– പ്രവർത്തനരീതി

ബയോകമ്പോസ്റ്റർ ബിൻ ചിത്രത്തിൽ കാണുന്നതുപോലെ ക്രമീകരിക്കുക. ഏറ്റവും മുകളിലുള്ള ബിന്നാണ് ആദ്യം ഉപയോഗിച്ചു തുടങ്ങേണ്ടത്. മുകളിലത്തെ രണ്ടു ബിന്നുകളുടേയും ചുവടെ സുഷിരങ്ങളില്ലാത്ത ഭാഗം പൂർണമായി കൊക്കോ ഗ്രീൻ വിതറുക. ഏതെങ്കിലും സാഹചര്യത്തിൽ ജലാംശം അധികരിക്കുകയും ലീച്ചറ്റ് താഴേയ്ക്ക് വരികയും ചെയ്യുകയാണെങ്കിൽ അതിനെ വലിച്ചെടുക്കാനാണ് താഴത്തെ ബിന്നിൽ കൊക്കോ ഗ്രീൻ വിതറുന്നത്. ഇതിലും കൂടുതലായി ജലാംശം വരുന്നപക്ഷം അതു ശേഖരിക്കുന്നതിനായി ബിന്നിന്റെ അടിയിലായി ഒരു ലീച്ചേറ്റ് ട്രേ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിൽ ലീച്ചേറ്റ് വരുന്ന രീതിയിൽ വെള്ളത്തോടുകൂടി മാലിന്യം നിക്ഷേപിക്കുന്നത് ശരിയായ രീതിയല്ല. കമ്പോസ്റ്റിംഗ് നടക്കുന്നതിന് വിഘാതമാകും.

വീട്ടിലുണ്ടാകുന്ന ജൈവ മാലിന്യങ്ങൾ, വെള്ളം പരമാവധി ഒഴിവാക്കിയ ശേഷം അടപ്പുള്ള ഒരു പാത്രത്തിൽവേണം സൂക്ഷിക്കേണ്ടത്. മാലിന്യത്തിൽ ഈച്ച വന്നു മുട്ടയിടാനും അതിലൂടെ പുഴുക്കൾ ഉണ്ടാകാനും സാദ്ധ്യതയുള്ളതിനാലാണ് മാലിന്യം അടച്ച് സൂക്ഷിക്കണമെന്ന് പറയുന്നത്. വെള്ളത്തിന്റ അളവ് കൂടിയാൽ വായു സഞ്ചാരം തടസപ്പെടാനും ദുർഗന്ധമുണ്ടാകാനും





സാദ്ധ്യതയുള്ളതിനാലാണ് വെള്ളം ഒഴിവാക്കാൻ പറയുന്നത്.

ഒരു ദിവസം ഇത്തരത്തിൽ പാത്രത്തിൽ ശേഖരിക്കപ്പെടുന്ന മാലിന്യം ഒന്നിച്ച് ബിന്നിൽ വിതറിയിട്ടുള്ള കൊക്കോഗ്രീനിനു മുകളിലായി നിക്ഷേപിക്കുക. വലിപ്പം കൂടിയ വസ്തുക്കൾ ചെറുതായി നുറുക്കിയ ശേഷമേ ബിന്നിൽ നിക്ഷേപിക്കാവൂ. ബിന്നിന്റെ വശങ്ങളിൽ തട്ടാത്ത രീതിയിൽ പരത്തിയാണ് മാലിന്യം നിക്ഷേപിക്കേണ്ടത്. ഇതു കഴിഞ്ഞാലുടൻ തന്നെ നിക്ഷേപിച്ച മാലിന്യം പൂർണമായി മൂടുന്ന വിധത്തിൽ അതിനു മുകളിലായി കൊക്കോഗ്രീൻ വിതറണം. ഈ പ്രക്രിയ ദിവസവും ആവർത്തിക്കുക.

ആദ്യത്തെ ബിൻ നിറഞ്ഞു കഴിയുമ്പോൾ അതിനെ രണ്ടാമതാക്കിയ ശേഷം രണ്ടാമത്തെ ബിൻ മുകളിലേയ്ക്ക് മാറ്റി ഉപയോഗിച്ചു തുടങ്ങുക. ആ ബിന്നും നിറഞ്ഞു കഴിയുമ്പോൾ അതിനെ രണ്ടാമതാക്കിയ ശേഷം ആദ്യം നിറഞ്ഞ ബിൻ ഏറ്റവും അടിയിലേയ്ക്ക് മാറ്റുക. ഏറ്റവും അടിയിലുള്ള ബിൻ ഏറ്റവും മുകളിലേയ്ക്ക് മാറ്റി ഉപയോഗിച്ചു തുടങ്ങുക. ആ ബിന്നും നിറഞ്ഞു കഴിയുമ്പോൾ ആദ്യം ഉപയോഗിച്ച ബിന്നിലെ, അതായത് നിലവിൽ ഏറ്റവും താഴെ ഇരിക്കുന്ന ബിന്നിലെ മാലിന്യം പൂർണമായി കമ്പോസ്റ്റായി മാറിക്കഴിയും. ഇതു നീക്കംചെയ്ത് വളമായി ഉപയോഗിക്കാവുന്നതാണ്. എന്നിട്ട് ആ ബിൻ മുകളിലേയ്ക്ക് മാറ്റി കമ്പോസ്റ്റിംഗ് പ്രക്രിയ തുടരാവുന്നതാണ്. നാലോ അഞ്ചോ പേരടങ്ങുന്ന ഒരുസാധാരണ കുടുംബത്തിന്റെ ഉപയോഗത്തിൽ 23 മുതൽ 30 ദിവസം കൊണ്ടാണ് ഒരുബിൻ നിറയുക. കൊക്കോഗ്രീൻ ഉപയോഗിച്ച് ജൈവമാലിന്യം പൂർണമായി കമ്പോസ്റ്റാക്കി മാറ്റുന്നതിന് 45 ദിവസം മതിയാകും. കൂടുതൽ മാലിന്യം ഉണ്ടാകുന്നുണ്ടെങ്കിൽ കൂടുതൽ ബിന്നുകൾ ഉപയോഗിക്കേണ്ടതായി വരും. 45 ദിവസത്തിനു ശേഷമേ കമ്പോസ്റ്റ് നീക്കംചെയ്ത് വളമായി ഉപയോഗിക്കാവൂ.

## ഇനോക്കുലേറ്റഡ് കയർ പിത്ത് – നിലവിലെ അവസ്ഥയും സാദ്ധ്യതകളും

കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ഒന്നര ലക്ഷത്തോളം ബയോ കമ്പോസ്റ്റർ ബിന്നുകൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. ഒരുയൂണിറ്റിന്റെ ഉപയോഗത്തിനായി 9 കിലോഗ്രാം ഇനോക്കുലേറ്റഡ് കയർപിത്ത് പ്രതിമാസം ആവശ്യം വരും. അതായത് നിലവിലെ സാഹചര്യത്തിൽ തന്നെ 1350 ടണ് ഇനോക്കുലേറ്റഡ് പിത്ത് ആവശ്യമാണ്.

വരുന്ന അഞ്ചു വർഷത്തിനുള്ളിൽ ബിന്നുകളുടെ എണ്ണം മൂന്നോ നാലോ ലക്ഷമാകാൻ സാദ്ധ്യതയുണ്ട്. അതായത് പ്രതിമാസം 3500 ടണ്ണോളം ഇനോക്കുലേറ്റഡ് പിത്ത് ആവശ്യമായിവരും. ബയോകമ്പോസ്റ്റർ ബിന്നുകൾക്കുപുറമേ എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ ബയോകമ്പോസ്റ്റർ പോട്ടുകൾ, കിച്ചൻ ബിന്നുകൾ, ബയോ ബിന്നുകൾ, ഓർഗാനിക് വേസ്റ്റ് കൺവർട്ടറുകൾ എന്നിവയിലെല്ലാം കമ്പോസ്റ്റിംഗ് മീഡിയമായി ഉപയോഗിക്കുന്നത് ഇനോക്കുലേറ്റഡ് കയർ പിത്താണ്.

മാലിന്യ പരിപാലനരംഗത്തും അതിലൂടെ വിഷരഹിത ജൈവകൃഷിയുടെ മേഖലയിലും ഇനോക്കുലേറ്റഡ് കയർ പിത്തിന് അനന്തസാദ്ധ്യതകളാണുള്ളത്. അതായത് ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ കയർപിത്തിന് നിർണായക പങ്ക് വഹിക്കാൻ കഴിയുമെന്നർത്ഥം. കയർ നിർമ്മാണത്തിൽ ഉപോത്പന്നമായി ഉണ്ടാകുന്ന ചകിരിച്ചോർ കേരളത്തിന്റെ പരിസ്ഥിതി- ആരോഗ്യ- കൃഷി - സാമ്പത്തിക മേഖലകളിലെ ഒരു സുപ്രധാന ഉത്പന്നമായി മാറുന്ന കാലം വിദൂരമല്ല.



# ചെറുവാരണം കയർ സംഘം, ആധുനിക യന്ത്രവത്കൃത ഫാക്ടറിയാകുന്നു

എൻ.എസ്.മോഹൻദാസ്

**ആ**ലപ്പുഴയിലെ ആദ്യ യന്ത്രവൽകൃത കയർ ഉത്പന്ന നിർമ്മാണ സഹകരണ സംഘമായി കഞ്ഞികുഴിയിലെ ചെറുവാരണം കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘം മാറുന്നു. രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘങ്ങളെ യന്ത്രവത്കൃത ഫാക്ടറികളായി മാറ്റുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ചെറുവാരണം സംഘത്തിൽ വെച്ച് ഓൺലൈനായി കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. ബഹു. ധനകാര്യ-കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഓട്ടോമാറ്റിക്ക് ലൂമിന്റെ സ്വിച്ച് ഓൺ കർമ്മം സംസ്ഥാന ഭക്ഷ്യ-സിവിൽ സപ്ലൈയ്സ് മന്ത്രി പി. തിലോത്തമനും ആഫീസ് മന്ദിരം ഉദ്ഘാടനം ആലപ്പുഴ എം.പി. എ.എം ആരീഫും നിർവ്വഹിച്ചു. കയർ വികസന ഡയറക്ടർ, വി.ആർ.വിനോദ്, ആർ. നാസർ തുടങ്ങിയ പ്രമുഖ വ്യക്തികൾ ചടങ്ങിൽ സംബന്ധിച്ചു.

കയർ വ്യവസായത്തിൽ പ്രതിസന്ധികൾ നേരിട്ട സന്ദർഭത്തിൽ തീരദേശത്തെ പരമ്പരാഗത കയർ തൊഴിലാളികൾ ഇതര മേഖലയിലേക്ക് തൊഴിൽ തേടി പോകുന്ന സന്ദർഭത്തിലാണ് ചെറുവാരണം പ്രദേശത്തെ പുരോഗമന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ തൊഴിലാളികൾ ഒത്തുചേർന്ന് ചെറുവാരണം കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നം.എ 989 രൂപീകരിക്കപ്പെടുന്നത്.

1996 ഒക്ടോബറിലാണ് സംഘം രൂപീകരണത്തിന്റെ പ്രഥമയോഗം ചേരുന്നത്. കഞ്ഞികുഴി പഞ്ചായത്ത് പ്രസിഡന്റായിരുന്ന പി.പി. സ്വാതന്ത്ര്യം, ആർ. നാസർ തുടങ്ങിയവർ നേതൃത്വം നൽകി. എസ്. ചെല്ലപ്പൻ പ്രസിഡന്റും, വി. ശശീന്ദ്രൻ ഓണററി സെക്രട്ടറിയുമായുള്ള ഭരണസമിതിയും രൂപീകരിച്ചു. സംഘത്തിന് സ്ഥലം വാങ്ങി നൽകുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തിയത് അന്ന് കഞ്ഞികുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആർ. നാസറാണ്. 2001 -ൽ വ്യവസായ മന്ത്രിയായിരുന്ന സുശീലാ ഗോപാലനാണ് സംഘത്തിന്റെ പ്രവർത്തന ഉദ്ഘാടനം






നിർവ്വഹിച്ചത്.

അന്ന് മൂന്ന് കയർ തറികളോടുകൂടിയായിരുന്നു സംഘം പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് 41 തറികളും 200 ഓളം തൊഴിലാളികളുമായി സംഘം വളർന്നു. സംഘത്തിലെ തൊഴിലാളികൾക്ക് നിയമാനുസരണമുള്ള എല്ലാവിധ ആനുകൂല്യങ്ങളും നൽകി വരുന്നു.

2006 ലെ വി.എസ്.സർക്കാരിൽ കയർ മന്ത്രിയായിരുന്ന ജി. സുധാകരന്റെ ശ്രമഫലമായി സംഘത്തിന്റെ വായ്പകൾ സർക്കാർ ഓഹരിയായി മാറ്റിയതിനാൽ സംഘം കടബാധ്യതയിൽ നിന്നും മുക്തമായി സ്വന്തം കാലിൽ നിന്ന് പ്രവർത്തിക്കാനായി എന്നതും ശ്രദ്ധേയമാണ്.



കേന്ദ്ര സംസ്ഥാന സർക്കാരിന്റെ നിരവധി പുരസ്ക്കാരങ്ങളും ലഭിച്ചത് സംഘത്തിന്റെ പ്രവർത്തന മികവിന്റെ സാക്ഷ്യ പത്രങ്ങളാണ്.

സംഘത്തിന്റെ മികച്ച പ്രവർത്തനം കണക്കിലെടുത്ത പിണറായി സർക്കാരിൽ കയർ മന്ത്രിയായ ഡോ. ടി.എം. തോമസ് ഐസക് പ്രത്യേക താൽപര്യമെടുത്താണ് രണ്ടം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ കോടിക്കണക്കിന് രൂപ മുതൽ മുടക്കിയാണ് ഈ നെയ്ത്ത് സംഘത്തെ യന്ത്രവത്കൃത ഫാക്ടറിയായി ഉയർത്തിയിരിക്കുന്നത്. കയറ്റുപായയാണ് ഇവിടെ പ്രധാനമായും ഉത്പാദിപ്പിക്കുന്നത്. ചെറുവാരണം സംഘം ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനമായി വളരുകയാണ്. ഊരാലുങ്കൽ തൊഴിലാളി സഹകരണ സംഘമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. എസ്. ചെല്ലപ്പൻ പ്രസിഡന്റും സി.പി. ദിലീപ് സെക്രട്ടറിയുമായുള്ള നിലവിലുള്ള സംഘം ഭരണസമിതിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.



*ക്ഷേമനിധി ജില്ലാതല വിതരണോദ്ഘാടനം കയർ അപ്പക്സ് ബോഡിവൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ നിർവഹിക്കുന്നു. കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർ തൊഴിലാളി ക്ഷേമ നിധി ബോർഡംഗങ്ങളായ ബി. ചന്ദ്രികയമ്മ, എസ്. അശോകൻ, കയർഫെഡ് അംഗം കഠിനംകുളം സാബു, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി. മണികണ്ഠൻ, ചിറയിൻ കീഴ് പഞ്ചായത്ത് കോർഡിനേറ്റർ ജി. വ്യാസൻ, അഴൂർ ഗ്രാമപഞ്ചായത്തംഗം സുര, ജീവനക്കാരായ ലാലി എം.ഒ. ഷിബു, തുടങ്ങിയവർ സമീപം.*

# കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് വഴി 550 കോടിയുടെ സഹായങ്ങൾ നൽകി

**എൽ**.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ തൊഴിലാളി ക്ഷേമനിധി ബോർഡു വഴിഅഞ്ചു വർഷംകൊണ്ട് 550 കോടിരൂപയുടെസഹായങ്ങൾ സർക്കാർ നൽകി. പെൻഷനും വിരമിക്കൽ ആനുകൂല്യമുൾപ്പെടെയുള്ളവയ്ക്കാണ് ഇത്രയും വലിയ തുക വിനിയോഗിച്ചത്. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ 600/ രൂപയായിരുന്നു കയർ തൊഴിലാളി പെൻഷൻ. 18 മാസത്തെ മുടക്കവുമുണ്ടായിരുന്നു. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നു 600-ൽ നിന്ന് 1000 രൂപയാക്കി ഉയർത്തി മുടക്കവും തീർത്തു നൽകി. അതിനുശേഷം പല ഘട്ടങ്ങളിലായി പെൻഷൻ തുക ഉയർത്തിയതും പ്രകാരം 2021മാർച്ച് വരെയുള്ള പെൻഷൻ 1500 രൂപയും ഏപ്രിൽ മുതൽ 1600 രൂപ നിരക്കിലും വിതരണം നടത്തും.

എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ വിരമിച്ച 36,000 പേർക്കായി 30 കോടി രൂപ 2017ൽ വിരമിക്കൽ ആനുകൂല്യം വിതരണം നടത്തിയിരുന്നു. ഇപ്പോൾ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ വിരമിച്ച 14200 പേർക്കാണ് 12.09 കോടി രൂപ വിതരണമാരംഭിച്ചത്. ഒരു മാസം 5 രൂപ നിരക്കിൽ പ്രതിവർഷം 60/ രൂപ അംശാദായം അടയ്ക്കുന്ന തൊഴിലാളികൾക്ക് സർക്കാർ ക്ഷേമനിധി വഴി 500/ രൂപ നിരക്കിൽ വിരമിക്കൽ ആനുകൂല്യമായി നൽകും. ഓരോ തൊഴിലാളിയ്ക്കും അവരവരുടെ സർവീസ് അനുസരിച്ച് 2500 രൂപ മുതൽ 15,000/ രൂപ വരെ സഹായമായി ഇപ്പോൾ ലഭിക്കും.

തിരുവനന്തപുരം ജില്ലാതല വിതരണോദ്ഘാടനം കയർ അപ്പക്സ് ബോഡിവൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ നിർവഹിച്ചു. കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷനായി.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡംഗങ്ങളായ ബി. ചന്ദ്രികയമ്മ, എസ്. അശോകൻ കയർഫെഡ് അംഗം കഠിനംകുളം സാബു, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി. മണികണ്ഠൻ, ചിറയിൻകീഴ് പഞ്ചായത്ത് കോർഡിനേറ്റർ ജി. വ്യാസൻ, അഴൂർ ഗ്രാമപഞ്ചായത്തംഗം സുര, ജീവനക്കാരായ ലാലി എം.ഒ. ഷിബു, തുടങ്ങിയവർ പങ്കെടുത്തു. ക്ഷേമനിധി ബോർഡംഗം അഞ്ചുതെങ്ങ് സുരേന്ദ്രൻ സ്വാഗതവും റീജീയണൽ ആഫീസർ ഉഷ നന്ദിയും പറഞ്ഞു.



*പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘം നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം കയർഫെഡ് ഭരണസമിതി അംഗവും കയർ സംഘം പ്രസിഡന്റുമായ ആർ. അജിത്കുമാർ നിർവ്വഹിക്കുന്നു.*

# പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘത്തിന്റെ കെട്ടിടനിർമ്മാണം, ശിലാസ്ഥാപനം നടത്തി

പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചിട്ട് 70 വർഷം പൂർത്തീകരിച്ചതിന്റെ സ്മരണയ്ക്കായി കേരള സർക്കാർ അനുവദിച്ച 12.5 ലക്ഷം രൂപ മുടക്കി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഊരാലുങ്കൽ ലേബർ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ആരംഭിച്ചു. കെട്ടിടത്തിന്റെ ശിലാസ്ഥാപനം കയർഫെഡ് ഭരണസമിതി അംഗവും കയർ സംഘം പ്രസിഡന്റുമായ ആർ. അജിത്കുമാർ നിർവഹിച്ചു. പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സി. സുര, കയർ തൊഴിലാളി യൂണിയൻ പ്രസിഡന്റ് രാജേന്ദ്രൻ, ഭരണസമിതി അംഗങ്ങളായ മിനിമോൾ, ശ്രീദേവി, സെക്രട്ടറി അനിൽകുമാർ, മാനേജർ അനിത എന്നിവർ സന്നിഹിതരായിരുന്നു.


# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**



# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ– 400 രൂപ
ഒറ്റപ്രതി– 40 രൂപ

**പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4)

| | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |


മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ–688012
ഫോൺ–0477 2243628/29




കയർഫെഡിന്റെ ഉപഹാരം ആരാധ്യനായ ധന കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന് കയർഫെഡ് ഭരണസമിതിയുടെ നേതൃത്വത്തിൽ ചെയർമാൻ അഡ്വ. എൻ. സായികുമാർ കയർകേരളയിൽ വച്ച് സമ്മാനിക്കുന്നു.

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 26-02-2021, February 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705